# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളാഞ്ചേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

AIl

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/234/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയതി: 31/03/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വളാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : വളാഞ്ചേരി മുനിസിപാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

DISTRICT AUDIT OFFICE
KERALA STATE
AUDIT DEPARTMENT
MALAPPURAM - 676 505

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.25/234/2026 തീയ്യതി: 31/03/2026

## മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-01-2025 മുതൽ 09-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാം മനോഹർ വി.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2026 | 29-01-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2026 | 29-01-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സന്തോഷ്. പി.ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന.എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ. ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശംസിയ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സുഹൈല.കെ.എം.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഷ്‌റഫ് അമ്പലത്തിങ്ങൽ | ചെയർമാൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. സീന എച്ച് | സെക്രട്ടറി | 01-04-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സുജീഷ് ഇ പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി. സുമയ്യ | കൃഷി ഓഫീസർ | 01-04-2024 | 31-05-2024 |
| ശ്രീമതി.ഫസീല | കൃഷി ഓഫീസർ | 01-06-2024 | 31-03-2025 |
| ശ്രീമതി. ഷിനി കെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. അമ്പിളി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 12-08-2024 |
| ശ്രീമതി.അസറ നസ്റിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-08-2024 | 31-03-2025 |
| ശ്രീമതി.ബിസ്ന.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.നീമ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി. പത്മിനി | പ്രൊജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് അഷ്‌റഫ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഒഴിവ് | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2024 | 12-11-2024 |
| ശ്രീ.സലിം കെ.പി | ഹെൽത്ത് ഇൻസ്പെക്ടർ | 13-11-2024 | 31-03-2025 |
| ശ്രീമതി. ഷിബിലി ഉസ്മാൻ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ഡോ. അബ്ദുൽ ഗഫൂർ പൂങ്ങാടൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 22-07-2024 |
| ഡോ.അഫ്സൽ | സീനിയർ വെറ്ററിനറി സർജൻ | 23-07-2024 | 05-09-2024 |
| ഡോ.സജിത് | സീനിയർ വെറ്ററിനറി സർജൻ | 06-09-2024 | 21-09-2024 |
| ഡോ. അബ്ദുൽ ഗഫൂർ പൂങ്ങാടൻ | സീനിയർ വെറ്ററിനറി സർജൻ | 22-09-2024 | 22-12-2024 |

| | | | |
|---|---|---|---|
| ഡോ.സജിത് | സീനിയർ വെറ്ററിനറി സർജൻ | 23-12-2024 | 31-03-2025 |

AIMS

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി. | 1-1-3 |
| 5 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിത് വരെ ക്രെഡിറ്റ് ആയില്ല. | 1-1-4 |
| 6 | ഇഷ്യൂ ചെയ്ത് ബാങ്കിൽ സമർപ്പിക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് വരവ് വന്ന തുകകൾ കണക്കിലെടുത്തില്ല | 1-1-6 |
| 8 | ഹരിതകർമസേനയുടെ പേരിലുള്ള ബാങ്ക് അക്കൌണ്ട് നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-7 |
| 9 | ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-8 |
| 10 | തെറ്റായ നിരക്കിൽ തേയ്മാനം കണക്കാക്കി | 1-1-9 |
| 11 | വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | പാർട്ട് ബിൽ നൽകിയ തുകകൾ Capital Work In Progress ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-11 |
| 13 | മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻ വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-12 |
| 14 | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവിധ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ഷെഡ്യൂൾ B-4 ലെ നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ലേലം - കുടിശ്ശിക തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-15 |
| 17 | രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-16 |
| 18 | ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-17 |
| 19 | AUEGS അഡ്വാൻസ് തുക റസീപ്റ്റ് & പെയ്മെന്റ് പത്രികയിൽ ബുക്ക് ചെയ്തില്ല | 1-1-18 |
| 20 | രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല | 1-1-19 |
| 21 | ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |

| | | |
|---|---|---|
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി (AUEGS) | 1-6 |
| 27 | ക്ഷേമപദ്ധതികൾ | 1-7 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 32 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - ഓഡിറ്റ് അവലോകനം. | 1-12 |
| 33 | കെ സ്മാർട്ട് പരിമിതികൾ | 1-13 |
| 34 | സുലേഖ ചെലവ് പത്രികയിലെ അപാകത | 1-14 |
| 35 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15 |
| 36 | തൊഴിൽ നികുതി - അപാകതകൾ | 1-16 |
| 37 | പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല | 1-17 |
| 38 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-18 |
| 39 | വിനോദ നികുതി - അപാകതകൾ | 1-19 |
| 40 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-20 |
| 41 | ഹെഡ്മാസ്റ്റർ കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല | 1-21 |
| 42 | യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 43 | ലാംഗ്വേജ് ഡെവലപ്പ്മെന്റ് പ്രോഗ്രാം -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-23 |
| 44 | പ്രതിഭാ പുരസ്കാരം- രേഖകൾ ലഭ്യമാക്കിയില്ല. | 1-24 |
| 45 | സർക്കാർ സ്കൂളുകളുടെ ആവർത്തന ചെലവുകൾ -അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-25 |
| 46 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമമിറ്റികളായി പ്രവർത്തിക്കുന്നില്ല | 1-26 |
| 47 | ചെയർമാന്റെ ദുരിതാശ്വാസനിധി രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 48 | ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കേണ്ടതാണ്. | 1-28 |
| 49 | ഓണം അഡ്വാൻസ് പൂർണ്ണമായും തിരിച്ചു പിടിക്കേണ്ടതാണ്. | 1-29 |
| 50 | ഭിന്നശേഷിക്കാരുടെ കലാകായികോൽസവം-അപാകത | 1-30 |
| 51 | നഗരസഭ ആസ്തികളുടെ ജിഐഎസ് മാപ്പിംഗ് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 52 | വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം -രേഖകൾ ലഭ്യമാക്കിയില്ല. | 1-32 |
| 53 | നഗരസഭയിലെ വാഹന ഉപയോഗം-അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-33 |
| 54 | വീട് വാസയോഗ്യമാക്കൽ -പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 55 | പട്ടികജാതി വിഭാഗക്കാർക്ക് PVC വാട്ടർ ടാങ്ക് - പ്രൊക്വയർമെന്റ് അപാകതകൾ | 1-35 |
| 56 | കോക്ലിയാർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-36 |

| | | |
|---|---|---|
| 57 | PMAY(നഗരം)/ലൈഫ് ഭവന പദ്ധതി- ധാരാളം ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-37 |
| 58 | NULM ഫണ്ട് - ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-38 |
| 59 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം- അപാകതകൾ | 1-39 |
| 60 | കൗൺസിൽ മിനിട്സ് - യോഗനടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല | 1-40 |
| 61 | ഭിന്നശേഷി സ്കോളർഷിപ്പ്-ഉല്ലാസയാത്ര നടത്തിയവർക്ക് യാത്രാബത്ത ഇനത്തിൽ തുക അനുവദിച്ചു | 1-41 |
| 62 | അംഗനവാടികൾക്ക് മിക്സർ ഗ്രൈന്റർ വാങ്ങൽ - അപാകതകൾ | 1-42 |
| 63 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല. | 1-43 |
| 64 | പി.എച്ച്.സി.യിലേക്ക് മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-44 |
| 65 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ IFTE&OS ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-45 |
| 66 | വാടക അപാകതകൾ | 1-46 |
| 67 | ലൈസൻസില്ലാതെ തിയേറ്ററുകൾ പ്രവർത്തിക്കുന്നു. | 1-47 |
| 68 | ലേലത്തുക അടവാക്കാൻ അവശേഷിക്കുന്നു. | 1-48 |
| 69 | നഗരസഭാ ഫണ്ട് സഹകരണ ബാങ്കിൽ സൂക്ഷിക്കുന്നു | 1-49 |
| 70 | വാഹന വാടകയ്ക്ക് ആദായ നികുതി ഈടാക്കിയില്ല | 1-50 |
| 71 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-51 |
| 72 | വളാഞ്ചേരി പി എച്ച് സി-ആശുപത്രി മാനേജിംഗ് കമ്മിറ്റി-വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയില്ല | 1-52 |
| 73 | റസീപ്റ്റ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് | 1-53 |
| 74 | വളാഞ്ചേരി ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (സിദ്ധ) മാനേജിംഗ്കമ്മിറ്റി-AFS ലഭ്യമാക്കിയില്ല | 1-54 |
| 75 | എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ -പൂർത്തീകരണ വിവരമില്ല | 1-55 |
| 76 | ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ട്രഷറി ഓഫീസിന്റെ വാടക നാളിത് വരെ നഗരസഭയിൽ ഒടുക്കിയിട്ടില്ല. | 1-56 |
| 77 | KSWMP- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 1-57 |
| 78 | ഹരിത മിത്രം ആപ്പ് - സർവേ പ്രതിഫലം നൽകൽ - അപാകതകൾ | 1-58 |
| 79 | അതിദരിദ്രർക്ക് യൂസർ ഫീ നൽകൽ- അപാകത | 1-59 |
| 80 | അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. | 1-60 |
| 81 | ഐറിഷ് പദ്ധതി നടപ്പാതകളിൽ കൈവരി സ്ഥാപിക്കൽ- മൂല്യ നിർണയത്തിൽ ഗുരുതര വീഴ്ച. | 1-61 |
| 82 | പി എച്ച് സി പാലിയേറ്റീവ് കെട്ടിടം നവീകരണം- മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചകൾ- 488495/- രൂപയുടെ അധിക ചെലവ്. | 1-62 |
| 83 | കൊട്ടാരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - അധിക നിരക്ക് നൽകിയതുമൂലം 3,40,727/- രൂപയുടെ അധിക ചെലവ്. | 1-63 |


**ഭാഗം 2**

No Records Found

## ഭാഗം 3

No Records Found

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ. | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം. | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


1 ഓഡിറ്റ് സാക്ഷ്യപത്രം

2 ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.11.2025 തീയതിയിലെ 9 നം. തീരുമാനം പ്രകാരം അംഗീകരിച്ച് **30-11-2025** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

സ്ഥലം : മലപ്പുറം
തിയ്യതി : 31.03.2026

DISTRICT AUDIT OFFICE KERALA STATE AUDIT DEPARTMENT MALAPPURAM

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-9 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2024-2025 വാർഷിക കണക്കിൽ B17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ 2024-2025 റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പത്രികയിലെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് | റിമാർക്സ് |
|---|---|---|
| 1 | ICICI PMAY CENTRAL AND STATE SHARE 265601001141 | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2024 ൽ 203286 രൂപ മുന്നിരിപ്പുണ്ട്. |
| 2 | ICICI DISTRESS RELIEF FUND 265601000212 | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |

ഷെഡ്യൂളിലെ CAPITAL CONTRIBUTION OTHERS ഹെഡിലെ നീക്കിയിരിപ്പും (55931078) ചേർത്ത് 2024-2025 ലെ B3 RESERVE ഷെഡ്യൂളിലെ CAPITAL CONTRIBUTION - 3121001 ഹെഡിന്റെ മുന്നിരിപ്പ് തുകയിൽ (78747164) ഉൾപ്പെടുത്തിയതായി കാണുന്നു. ആയതിനെ സാധൂകരിക്കുന്ന രേഖകൾ സഹിതം കാരണം അറിയിക്കേണ്ടതാണ്.

### 1-1-13 സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവിധ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ടുകളുടെ ചെലവ് സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങളും സുലേഖ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ടിനം | ചെലവ് തുക (₹) സുലേഖ സ്റ്റേറ്റ്മെന്റ് | വാർഷിക കണക്ക് (I-6 + B-3) | വ്യത്യാസം |
|---|---|---|---|---|
| 1 | വികസനഫണ്ട്(എസ് സി പി) | 13278385 | 13969162 | 690777 |
| 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 27760877 | 30308224 | 2547347 |
| 3 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 15410182 | 21123000 | 5712818 |
| 4 | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 7717816 | 8411846 | 694030 |

### 1-1-14 ഷെഡ്യൂൾ B-4 ലെ നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ഉൾപ്പെടുന്ന ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ തുകകളും അവ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.(B17 & RP CB)

| ക്രമ നമ്പർ | ഫണ്ട് | B4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക | B17 നീക്കിയിരിപ്പ് |
|---|---|---|---|
| 1 | Grants For Specific Purpose- Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centres | 6246189 | 7246189 |
| 2 | Central Finance Commission Grant -Tied | 10238374 | 1742772 |
| 3 | AUEGS | 57074 | 107372 |
| 4 | ICDS | 7108463 | 5762105 |
| 5 | Member Of Parliament Local And Development Scheme | 972 | 13816 |

### 1-1-15 ലേലം - കുടിശ്ശിക തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കമ്യൂണിറ്റി പാർക്കിന്റെ ലേല തുക 251000 രൂപ 28.02.2025 ന് മുൻപ് അടവാക്കേണ്ടതാണ് എന്ന് കരാറിൽ വ്യവസ്ഥയുണ്ട്. ഇതിൽ 125500 രൂപ 24-25 സാമ്പത്തിക വർഷത്തിൽ അടവാക്കി. 125500 രൂപ അടവാക്കാൻ അവശേഷിക്കുന്നു. എന്നാൽ വാർഷിക കണക്കിൽ I 3 ഷെഡ്യൂളിൽ 1308002 Rent From Localbody Properties ഇനത്തിൽ ഡിമാന്റ് ആയി 125500 രൂപയും ബാലൻസ് ഷീറ്റിൽ B14 ഷെഡ്യൂളിൽ 4314015 ഹെഡിൽ ബാലൻസ് ആയി 125500 ന് പകരം 0 വും ആണ് ചേർത്തിരിക്കുന്നത്.

### 1-1-16 രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1.ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1-17 ഡെപോസിറ്റ് തുക ബന്ധപ്പെട്ട ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ 213/25 പ്രകാരം (ആലിൻചുവട് നിരപ്പ് റോഡ് മാടത്തിയാർകുന്ന് സ്ട്രീറ്റ് ലൈൻ വലിക്കൽ) 52267 രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്യുകയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ

ഷെഡ്യൂൾ B-18 ൽ Advance To Implementing Agencies (ഹെഡ് കോഡ്) 4605002 ) ലെഡ്ജറിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

## 1-1-18 AUEGS അഡ്വാൻസ് തുക റസീപ്റ്റ് & പെയ്മെന്റ് പത്രികയിൽ ബുക്ക് ചെയ്തില്ല

AUEGS ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് (0859101059181) എന്നിവ പ്രകാരം 2024-25 ൽ നഗരസഭ തനത് ഫണ്ടിൽ നിന്നും 9668851 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആയത് റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ P 23 ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടില്ല.

## 1-1-19 രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഈ രജിസ്റ്ററുകൾ കെ സ്മാർട്ടിലും ലഭ്യമല്ല)

(A) തൊഴിൽ നികുതി രജിസ്റ്റർ

(B) വാടക രജിസ്റ്റർ

(C) ലേലം രജിസ്റ്റർ

(D) വിനോദ നികുതി രജിസ്റ്റർ

## 1-1-20 ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

1.വാർഷിക കണക്ക് I (19 ) പ്രകാരം Prior Period Income ഇനത്തിന്റെ (2801001) ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ ചെലവ് രേഖകൾ/വൗച്ചറുകൾ, Proceedings, കുറിപ്പുകൾ/Narrations എന്നിവയില്ലാതെ തുകകൾ ജേർണൽ എൻട്രി മുഖേന ഡെബിറ്റ്/ ക്രെഡിറ്റ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| HEAD CODE | VOUCHER NO/DATE | HEAD DETAILS | DEBIT | CREDIT | REMARK |
|---|---|---|---|---|---|
| 3111001 | J-M101100-25000403/31.03.2025 | Poverty Alleviation Fund | 0 | 12893054 | OB Correction |
| 3201050 | J-M101100-25000653/ 31.03.2025 | Grants Contributions For Specific Purposes Central Government | 0 - | 9505902 | OB Adjustment Entry- ICDS, NULM, PMAY SBM |
| 3203001 | J-M101100- 25000656 /31.03.2025 | Grant From Other Govt Agencies | 0 | 272656 | OB Adjustment Election Fund 2020-2021 |
| 3208099 | J-M101100-25000655/31.03.25 | Other Grants & Contributions For Specific Purpose | 0 | 8870602 | OB Adjustment Entry- Waste Free Valanchery, Suchitwa Mision, Life Mission |
| 3501001 | J-M101100-25000672/ 31.03.25 | Suppliers Control Account | | 1915069 | OB Correction Entry |
| 3502028 | J-M101100-25000677 | Recoveries Payable -Other Recoveries | | 272187 | OB Correction Entry |
| 4311002 | J-M101100-25000650 /31.03.2025 | Receivables For Property Taxes(Arrears) | 184492 | | LC (Arrear) OB Adjustment |

| | | | | |
|---|---|---|---|---|
| | | | | Entry |
| | J -M101100-25000649 /31.03.2025 | Receivables For Property Taxes(Arrears) | 3689838 | Property Tax (Arrear) OB Correction 24-25 |
| 4311902 | J-M101100-25000574 | Receivables For Profession Tax Institutions/ Traders (Arrears) | 1019801 | Profession Tax Arrear OB Correction |
| 4313002 | J-M101100-25000618 /31.0325 | Receivable For User Charges (Arrears) | 359195 | OB CORRECTION |
| 4313004 | J-M101100-25000579/31.0325 | Receivable For License Fees (Arrears) | 284520 | Licence Fee (Arrear) OB Correction |
| 4314002 | J-M101100-25000573/31.0325 | Rent Receivable From Buildings (Arrears) | 1769482 | Rent Arrear OB Correction |
| 4319101 | J-M101100-25000648/31.0325 | State Govt Cesses/Levies In Property Taxes -Control Account - Library Cess | 803127 | Library Cess Adjustment Entry |
| 4601001 | J-M101100-25000577/31.0325 | Festival Advance To Employees | 429930 | Festival Advance OB Correction |
| 4605004 | J-M101100-25000578/31.0325 | Temporary Advances For Official Purposes | 226965 | Advance To Employees OB Correction |

2. 2808001-Prior Period Expenses ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ 31.03.2025ന് ജേർണൽ എൻട്രി മുഖേന ക്രമീകരിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| HEAD CODE | VOUCHER NO/DATE | HEAD DETAILS | DEBIT | CREDIT | REMARK |
|---|---|---|---|---|---|
| 3117001 | J-M101100-25000623/31.03.2025 | Pension Contribution Payable | 0 | 138864 | Pension Contribution OB Correction |
| 3502003 | J-M101100-25000626 /31.03.2025 | Recoveries Payable- Subscription To Provident Fund For Municipal Regular | 0 | 80934 | OB Correction Entry- PF |

ATMS

| | | | | |
|---|---|---|---|---|
| 3502021 | J-M101100- 25000627/31.03.25 | Employees Recoveries Payable EPF | 96585 | EPF OB Correction Entry |
| 3504099 | J-M101100- 25000446/31.03.25 | Refund Paybale Others | 199546 | Head Correction P- M101100-24000677 |
| 4301002 | J-M101100- 25000675 31.03.25 | Purchase Of Material Stores | 483212 | Previous Year Store Consumptions |
| 4401001 | J-M101100- 25000415 31.03.25 | Prepaid Program Expenses | 29333333 | OB Correction |
| 4605005 | J-M101100- 25000632 31.03.25 | Advance To Mahatma Gandi NREGS/ AUEGS | 1318418 | AUEGS Expenses From Previous Year Advance |

മേൽ ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/23.01.2026, 57/28.01.2026) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിവിധ ഹെഡുകളിൽ നിന്നും മറ്റ് ഹെഡുകളിലേക്ക് ക്രമീകരിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | ബജറ്റ് പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/ 12.02.2024 | 1/26.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46967629 |
| വരവ് | 183904192 |
| ആകെ | 230871821 |
| ചെലവ് | 177759793 |
| നീക്കിയിരിപ്പ് | 53112028 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 29621347 | 29621347 | 28056442 | 1564905 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 16944000 | 16944000 | 13969162 | 2974838 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21123000 | 21123000 | 21123000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8532000 | 8532000 | 8461846 | 70154 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 17163838 | 17163838 | 11900390 | 5263448 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 11347250 | 11347250 | 20277822 | -8930572 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| 479 | 437762409 234 | 163412522 0 | 245 | 48.85 |

കുറിപ്പ് : സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി (AUEGS)

| | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| AUEGS | 1411698 | 26332944 | 27744642 | 27637269 | 107373 |

കുറിപ്പ് : AUEGS ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-1-18 കാണുക .

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി വേതനം | 1038400 | 66 |
| വിധവാ പെൻഷൻ | 19752700 | 1345 |
| വാർദ്ധക്യകാല പെൻഷൻ | 41604800 | 2759 |
| വികലാംഗ പെൻഷൻ | 6545600 | 425 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 659800 | 43 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2026 ന് 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 83240/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. നികുതി, നികുതിയേതര വരുമാനങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തൊഴിൽ നികുതിയിനത്തിലും മറ്റ് ഫീസ് ഇനത്തിലും കുടിശ്ശിക പിരിക്കാനുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളും ഉണ്ട്.

2.തനത് വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിഞ്ഞിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിൽ തന്നെ 19 റൂമുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ തന്നെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. തിയേറ്ററുകൾ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

3. ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ട്രഷറി ഓഫീസിന്റെ വാടക നഗരസഭയിൽ ഒടുക്കുന്നില്ല. 01.01.2004 മുതൽ 30.09.2024 വരെയുള്ള കാലയളവിൽ വാടകയിനത്തിൽ ലഭിക്കാനുള്ള തുക കുടിശ്ശികയടക്കം 1,48,81,384 രൂപയുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് കാണുന്നില്ല.

3. അക്രഡിറ്റഡ് ഏജൻസികൾ മുഖേനെ ചെയ്യുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

4. 2023-24, 2024-25 വർഷങ്ങളിലായി GIS Mapping ന് വേണ്ടി 40 ലക്ഷത്തോളം രൂപ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല.

5. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് വാങ്ങിയ ഉപകരണങ്ങളിൽ Shredding Machine നാളിത് വരെ ഉപയോഗപ്രദമാക്കിയിട്ടില്ല.

6. നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവക്ക് നിയമാവലി (Bye-Law) ഉണ്ടാക്കിയിട്ടില്ല.

7. തെരുവ് വിളക്കുമായി ബന്ധപ്പെട്ട് പരിപാലിക്കേണ്ട രജിസ്റ്ററുകൾ (തെരുവ് വിളക്ക് രജിസ്റ്റർ, പരാതി രജിസ്റ്റർ തുടങ്ങിയവ) പരിപാലിച്ചിട്ടില്ല.

8.ജി.ഒ(പി)നം.177/2006/ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ , കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (അലോപതി) ,ഹെഡ്മാസ്റ്റർ എന്നിവർ ആയത് പാലിച്ചിട്ടില്ല.

9 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന നിയമപരമായ കടമ നിർവഹിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

AIMS

| എ ജി ഓഡിറ്റ് | 07.04.2021 | 2017-18 മുതൽ 2020-21 വരെ | 23.07.2021 |
|---|---|---|---|

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും– അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ മുനിസിപ്പാലിറ്റികൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. മുനിസിപ്പാലിറ്റികളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.07.2025 തീയതിയിലെ ഡി.കെ.എസ്.എ./208/എം.എൽ3/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നം.03/24-25/16.01.2026ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -5<br>Health Grants Towards Support Of Diagnostic Infrastructure To Primary Health Care Facilities In Urban PHCs | സ്കീം - 6<br>Health Grants Towards Urban Health And Wellness Centres (UHWCS) | ആകെ |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 12300000 | 12300000 |
| 2023-24 | 3085000 | 3183000 | 6268000 |
| 2024-25 | 0 | 4003000 | 4003000 |
| ആകെ | 3085000 | 19486000 | 22571000 |
| B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 1161049 | 6246189 | |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -5 | സ്കീം - 6 | ആകെ |
|---|---|---|---|
| 2021-22 | 0 | 0 | |
| 2022-23 | 0 | 195132 | 195132 |
| 2023-24 | 382465 | 10878589 | 11261054 |
| 2024-25 | 1636297 | 2840624 | 4476921 |
| ആകെ | 2018762 | 13914345 | 15933107 |

3) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | അർബൻ വെൽനസ്സ് സെന്റർ ടെലി കൺസൾട്ടേഷൻ സംവിധാനം(322/23) | 195132 |
| 2023-24 | അർബൻ വെൽനസ്സ് സെന്ററുകളുടെ വാടക (317/24) | 774000 |
| 2023-24 | അർബൻ വെൽനസ്സ് സെന്റർ കെട്ടിടത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ(318/24) | 1381600 |
| 2023-24 | അർബൻ പി എച്ച് സി പോളി ക്ലിനിക്ക് പ്രവർത്തനങ്ങൾ(321/24) | 500000 |
| 2023-24 | അർബൻ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ ജീവനക്കാരുടെ വേതനം (3231/24) | 2980684 |
| 2023-24 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനം ദിന ചെലവുകൾ(401/24) | 289000 |
| 2023-24 | ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ(402) | 500000 |
| 2023-24 | പാലിയേറ്റിവ് കെയർ അസിസ്റ്റന്റ് പ്രോഗ്രാം(403) | 300000 |
| 2023-24 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാലികമാക്കൽ(404) | 2100000 |
| 2023-24 | ക്യാൻസർ കെയർ പ്രൊജക്ട്(405) | 205000 |

| | | |
|---|---|---|
| 2023-24 | അർബൻ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ മോണിറ്ററിംഗ് ചെലവുകൾ (322/24) | 100000 |
| 2023-24 | അർബൻ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ അനുബന്ധ പ്രവർത്തനങ്ങൾ(407) | 1459305 |
| 2023-24 | നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനം ദിന ചെലവുകൾ(424) | 289000 |
| 2023-24 | നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(427) | 382465 |
| 2024-25 | അർബൻ വെൽനസ്സ് സെന്ററുകളുടെ വാടക(439) | 226000 |
| 2024-25 | അർബൻ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ അനുബന്ധ പ്രവർത്തനങ്ങൾ(440) | 1040695 |
| 2024-25 | നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(441) | 1636297 |
| 2024-25 | അർബൻ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ തുടർ പ്രവർത്തനങ്ങൾ(465) | 153929 |
| | ആകെ | 15933107 |

മുനിസിപ്പാലിറ്റിയിലെ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പ്രൊജക്ടുകളുടെ മോണിറ്ററിങ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ, ആരോഗ്യ ഗ്രാന്റിന്റെ പ്രവർത്തനങ്ങളുടെ നിർവ്വഹണ പുരോഗതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ട്. പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പോളി ഡെന്റൽ ക്ലിനിക്ക് സ്ഥാപിക്കുന്നതിനും വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണം ഒരുക്കുന്നതിനും 360 ഡിഗ്രി എൻ.സി.ഡി കെയർ സെന്റർ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നഗര സഭയിൽ നടപ്പിലാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മുനിസിപ്പൽ പെൻഷൻ ഫണ്ട് – ഓഡിറ്റ് അവലോകനം.

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.05.2024 തീയതിയിലെ ഡി.കെ.എസ്.എ./2078/എം.എൽ.3/2024 നമ്പർ കത്തിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി വളാഞ്ചേരി നഗരസഭയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു. ലഭ്യമാക്കിയ രജിസ്റ്റർ, ഓഡിറ്റ് എൻക്വയറി നം.04/24-25/16.01.2026 ന് ലഭിച്ച മറുപടി എന്നിവയുടെ അടിസ്ഥാനത്തിലാണ് വിവരം ചേർത്തിട്ടുള്ളത്.

1) നിലവിൽ വളാഞ്ചേരി നഗരസഭയിൽ നിന്നും റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ ആരും ഇല്ല. നഗരസഭയിൽ നിന്നും നാളിതുവരെ ജീവനക്കാർക്ക് പെൻഷൻ നൽകിയിട്ടില്ല.

2) 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതാണ്. ഇതു പ്രകാരം 2013 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ച നഗരസഭയിലെ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ യഥാസമയം അടവാക്കുന്നുണ്ട്. 2021-22 മുതൽ 2024-25 വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | ജീവനക്കാരുടെ എണ്ണം | ശമ്പളത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതമായി പിടിച്ചതും ഒടുക്കിയതുമായ തുക |
|---|---|---|
| 2021-22 | 13 | 871048 |
| 2022-23 | 14 | 987219 |
| 2023-24 | 15 | 857237 |
| 2024-25 | 10 | 805177 |

3) പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9-ാം ചട്ടത്തിലെ (3) ഉം (4) ഉം ഉപ ചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ

ഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചതായി കാണുന്നില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4) 2013 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ച സ്ഥിരം കണ്ടിജന്റ് ജീവനക്കാർ നഗരസഭയിൽ ഇല്ല. നിലവിലുള്ള 10 സ്ഥിരം കണ്ടിജന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് 2024 ലാണ്.

## 1-13 കെ സ്മാർട്ട് പരിമിതികൾ

2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റർ ലോഗിൻ മുഖേന കെ-സ്മാർട്ട് പോർട്ടൽ ആക്സസ് ചെയ്യുകയും ആയതിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. കെ-സ്മാർട്ടിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടു.

1.ഓഡിറ്റിന്റെ ഭാഗമായി വിവിധ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചപ്പോൾ Cheque Deposited But Not Collected, Cheque Issued But Not Presented To Bank തുടങ്ങിയ ഇനങ്ങളിലെ ആകെ തുക രേഖപ്പെടുത്തിയതല്ലാതെ ചെക്ക് നമ്പർ, തിയ്യതി , തുക മുതലായവ രേഖപ്പെടുത്താൻ നിലവിൽ സംവിധാനമില്ല.

2.കെ സ്മാർട്ടിൽ നിന്ന് ലഭ്യമായ പേയ്മെന്റ് ഓർഡർ ലിസ്റ്റിൽ വൗച്ചർ നമ്പറിന്റെ കൂടെ തിയ്യതി ലഭ്യമല്ല.

3. കെ സ്മാർട്ടിൽ നിന്ന് ലഭ്യമായ ലൈസൻസ് ഫയലുകളിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പരിശോധിക്കാൻ സംവിധാനങ്ങളില്ല.

4.കെ സ്മാർട്ടിൽ അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിട നമ്പറിനോടൊപ്പം അതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമല്ല.

5. ക്യാൻസൽ ചെയ്ത റസീപ്റ്റുകളുടെ റിപ്പോർട്ടിൽ ഒരു പ്രത്യേക കാലയളവിലെ വിവരങ്ങൾ തെരഞ്ഞെടുക്കുന്നതിന് സംവിധാനമില്ല.

6. പെർമിറ്റ് രജിസ്റ്ററിൽ ഫയൽ തിയതി കൃത്യമല്ല. പെർമിറ്റ് തിയതി തന്നെ ഫയൽ തിയതിയായി രേഖപ്പെടുത്തുന്നു.

7. നിർവഹണ ഉദ്യോഗസ്ഥരുടെ വലിയ ഫയലുകൾ തുറന്നുവരുവാൻ (Load) ഒരുപാട് സമയം എടുക്കുന്നു. സെർവർ കപ്പാസിറ്റി കൂട്ടേണ്ടതുണ്ട്.

## 1-14 സുലേഖ ചെലവ് പത്രികയിലെ അപാകത

നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

| പ്രൊജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | യഥാർത്ഥ ചെലവ് | സുലേഖ പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 202/25 | മുത്തപ്പൻകാവ് അംഗനവാടി പുനരുദ്ധാരണം | അസി.എഞ്ചിനീയർ | 17000 | 0 |
| 206/25 | താണിയപ്പൻകന്ന് പുളിയമ്പറ്റപറമ്പ എസ് സി കോളനി റോഡ് കോൺക്രീറ്റ് | അസി.എഞ്ചിനീയർ | 268076 | 0 |
| 238/25 | കാട്ടിപ്പരുത്തി കിഴക്കേക്കര അംഗൻവാടി പുനരുദ്ധാരണം | അസി.എഞ്ചിനീയർ | 415405 | 0 |
| 247/25 | മേൽക്കളംബ് കാഞ്ഞിരത്തടം റോഡ് കോൺക്രീറ്റ് | അസി.എഞ്ചിനീയർ | 273519 | 0 |
| 248/25 | മൂച്ചിക്കൽ ചെട്ട്യാർ റോഡ് റീടാറിംഗ് | അസി.എഞ്ചിനീയർ | 438263 | 0 |
| 250/25 | മിനി വ്യവസായ കേന്ദ്രം ജലവിതരണ സംവിധാനം ഒരുക്കൽ | അസി.എഞ്ചിനീയർ | 117949 | 0 |

| | | | |
|---|---|---|---|
| 251/25 | ജൽശക്തി അഭിയാൻ-വട്ടപ്പാറ മൂർക്കമ്പാട്ട് പൊതുകിണർ നവീകരണം | അസി.എഞ്ചിനീയർ 60525 | 0 |
| 252/25 | വട്ടപ്പാറ മുരിങ്ങാതാഴം റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ 119579 | 0 |
| 255/25 | പാലച്ചുവട് കവുക്കുന്ന് കുടിവെള്ള പദ്ധതി | അസി.എഞ്ചിനീയർ 236913 | 0 |
| 257/25 | കാശം കുന്ന് അംഗൻ വാടി റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ 384418 | 0 |
| 259/25 | കെ എം എ യു പി സ്കൂൾ ചാലാട് റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ 400000 | 0 |
| 268/25 | സുബ്രമണ്യം ആർകെ മാസ്റ്റർ റോഡ് റീ ടാറിംഗ് | അസി.എഞ്ചിനീയർ 253000 | 0 |
| 273/25 | വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം | അസി.എഞ്ചിനീയർ 53434 | 0 |
| 290/25 | കോഴിക്കോട്ടുപടി - ഒ പി ജംഗ്ഷൻ - കുഞ്ഞുഹാജിപ്പടി പുനരുദ്ധാരണം | അസി.എഞ്ചിനീയർ 74529 | 0 |
| 291/25 | വൈക്കത്തൂർ എ എം എൽ പി സ്കൂൾ റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം | അസി.എഞ്ചിനീയർ 124486 | 0 |
| 292/25 | കുട്ടാർമട കുഴിക്കാട് റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ 59842 | 0 |
| 297/25 | കള്ളിക്കാട് കൊട്ടകുണ്ട് എസ് സി കോളനി റോഡ് നവീകരണം | അസി.എഞ്ചിനീയർ 350000 | 0 |
| 301/25 | മഞ്ചറ എസ് സി കോളനി റോഡ് കോൺക്രീറ്റ് | അസി.എഞ്ചിനീയർ 200000 | 0 |
| 315/25 | തങ്ങൾ പടി ബ്രാഞ്ച് മദ്രസ്സ റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ 139523 | 0 |
| 317/25 | ജി യു പി സ്കൂൾ പെയിന്റിംഗ് | അസി.എഞ്ചിനീയർ 208191 | 0 |

ATMS

| | | | | |
|---|---|---|---|---|
| 324/25 | വട്ടപ്പാറ ഫെയ്മസ് ചോലക്കൽ റോഡ് കോൺക്രീറ്റ് | അസി.എഞ്ചിനീയർ | 836532 | 0 |
| 332/25 | കാട്ടിപ്പരുത്തി മുള്ളൻമട റോഡ് റീടാറിംഗ് | അസി.എഞ്ചിനീയർ | 1027763 | 0 |
| 335/25 | കാട്ടിപ്പരുത്തി കാശാംകുന്ന് കെ എം യു പി സ്കൂൾ റോഡ് പുനരുദ്ധരണം | അസി.എഞ്ചിനീയർ | 1097278 | 0 |
| 337/25 | ദുർഗ്ഗാക്ഷേത്രം റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ | 621194 | 0 |
| 460/25 | താണിയപ്പൻകുന്ന റെയിൽബോ കോളനി റോഡ് കോൺക്രീറ്റ് | അസി.എഞ്ചിനീയർ | 303439 | 0 |
| 469/25 | പരപ്പിൽ പടി റോഡ് പൂർത്തീകരണം | അസി.എഞ്ചിനീയർ | 189916 | 0 |
| 476/25 | നിരപ്പ് പരുത്തിചോല റോഡ് കോൺക്രീറ്റ് | അസി.എഞ്ചിനീയർ | 226395 | 0 |
| 480/25 | മേലെപറമ്പിൽ റോഡ് പൂർത്തീകരണം | അസി.എഞ്ചിനീയർ | 300324 | 0 |
| 484/25 | നിരപ്പ് - ചോല റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ | 227660 | 0 |
| 488/25 | മൈലാടി എസ് സി കോളനി ജങ്ഷൻ- തോരക്കാട്ട്പടി കോൺക്രീറ്റിങ് | അസി.എഞ്ചിനീയർ | 125289 | 0 |
| 493/25 | മാടത്തിയാർകുന്ന് റോഡ് പുനരുദ്ധരണം | അസി.എഞ്ചിനീയർ | 466538 | 0 |
| | ആകെ | | 9325911 | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/21.1.26) മറുപടി ലഭ്യമാക്കിയിട്ടില്ല. Approved Status ൽ ഉള്ള പ്രോജക്ടുകളുടെ വിവരം മാത്രമേ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ചെലവ് പത്രികയിൽ വരികയുള്ളൂ. വെറ്റിംഗിന് വേണ്ടി അയക്കുന്ന പ്രോജക്ടുകളുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി കൊടുക്കുകയും എന്നാൽ പ്രസ്തുത പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് അതോറിറ്റി Approved Status ലേക്ക് മാറ്റാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. Approved Status ൽ ഉള്ള പ്രോജക്ടുകൾക്ക് മാത്രം ചെലവുകൾ നൽകാൻ പറ്റുന്ന രീതിയിലേക്ക് ഈ പ്ലാറ്റ്ഫോം മാറേണ്ടതുണ്ട്. ഈ അപാകത IKM ന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനും അപാകത പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ – രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1. കെ സ്മാർട്ടിൽ 2024-2025 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ സ്മാർട്ടിൽ നിന്നും ലഭ്യമായ സ്വകാര്യ ആശുപത്രികളുടെയും

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ഇവ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 310-314, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 1/435 B | BFIF-00039150-2024 | ആശ്വാസ് ലാബ്, കറിപ്പോൾ |
| 2 | 16/400, 401,402 | BFIF-00222124-2024 | ആയുർ റിലാക്സ് കൊട്ടാരം |
| 3 | 12/141A | BFIF-00122560-2024 | ഹമദ് മെഡിക്കൽ ലബോറട്ടറി . |
| 4 | 28/565 | BFIF-00010142-2025 | അമല ക്ലിനിക് & ലബോറട്ടറി |
| 5 | 1/215 E | BFIF-00001632-2024 | മെഡ് പ്ലസ് ലബോറട്ടറി & ഡയഗ്നോസ്റ്റിക് സെന്റർ |
| 6 | 2/176 A | BFIF-00026758-2024 | പി കെ വൈദ്യർസ് ആയുർഷോർ വളാഞ്ചേരി |
| 7 | 18/896, 897, 898 | BFIF-00003946-2024 | ബീവീസ് ക്ലിനിക് കറ്റിപ്പുറം |
| 8 | 12/88A | BFIF-00270298-2024 | യവന ക്ലിനിക്സ് വളാഞ്ചേരി |
| 9 | 1/435 A | BFIF-00038987-2024 | ആശ്വാസ് മെഡിക്കൽസ്, കരിപ്പോൾ |
| 10 | 31/215 C,D | BFIF-00005176-2025 | ഗ്രാന്റ് മെഡി ക്ലിനിക് വളാഞ്ചേരി |

2) 2024 -25 വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഹോസ്പിറ്റൽ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നു. എന്നാൽ കെ സ്മാർട്ടിൽ നിന്നും ലഭ്യമായ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ഇവ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ക്രമ നമ്പർ 1,3 സ്ഥാപനങ്ങൾ IFTEOS ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 44 | കരുണ ഹോസ്പിറ്റൽ വളാഞ്ചേരി |
| 2 | 58 | നിസാർ ഹോസ്പിറ്റൽ വളാഞ്ചേരി |
| 3 | 186 | ഒ ബി ജി ക്ലിനിക്, കുളമംഗലം |

മേൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ/ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

3. 2023-24 വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ പ്രകാരം 54 സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ സ്മാർട്ടിൽ നിന്നും ലഭ്യമായ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 2024-2025 വർഷം ആകെ 14 സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

4. രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനം എന്നിവയ്ക്ക് 1994 ലെ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 314 പ്രകാരം 5000 രൂപവരെയുള്ള പിഴയും കുറ്റ സ്ഥാപനം നടത്തപ്പെട്ട ശേഷം വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്നുവെങ്കിൽ കുറ്റം തുടർന്നും ചെയ്യുന്ന ഓരോ ദിവസത്തിനും 1000 രൂപ വരെയുള്ള പിഴയും നൽകി ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി( 18/22.01.2026) ക്ക് ലഭ്യമായ മറുപടിയും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. (A)പട്ടികയിൽ 1,3,4,6,8 സ്ഥാപനങ്ങൾക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ല. ആയത് എടുക്കുന്നതിന് സി ഫോം നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(B) ക്രമ നമ്പർ (2) സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തു പ്രവർത്തിക്കുന്നു എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ കെ സ്മാർട്ടിൽ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ റിപ്പോർട്ടിൽ ഈ സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. റസീപ്റ്റ് നമ്പർ/രജിസ്ട്രേഷൻ ,ഫയൽ നമ്പർ എന്നിവ ലഭ്യമാക്കേണ്ടതാണ്.

(C) ക്രമ നം (9) സ്ഥാപനം മെഡിക്കൽ സ്റ്റോറായി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് പാരാമെഡിക്കൽ രജിസ്ട്രേഷൻ ആവശ്യമില്ല എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ കെ സ്മാർട്ടിൽ ഈ സ്ഥാപനത്തിന്റെ IFTE & OS ലൈസൻസ് പരിശോധിച്ചതിൽ മെഡിക്കൽ സർവീസസ് അലോപ്പതി ക്ലിനിക് എന്ന കാറ്റഗറിയിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

(D) ക്രമ നം (5) സ്ഥാപനത്തിന് കെ സ്മാർട്ടിൽ രേഖകൾ ലഭ്യമല്ല എന്നും ക്രമ നം 7,10 എന്നീ സ്ഥാപനങ്ങൾ 2024-2025 സാമ്പത്തിക വർഷം മുതൽ പ്രവർത്തിക്കുന്നില്ല എന്നും മറുപടി ലഭ്യമാക്കി. ക്രമ നം 5 സ്ഥാപനം നഗരസഭയിൽ രജിസ്റ്റർ

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ് .

2. പട്ടികയിലെ ക്രമ നം 1,2 സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതാണ് എന്ന് മറുപടി ലഭ്യമാക്കി. റസീപ്റ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നീ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

3. 2024-2025 ൽ 21 സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതാണ്. 2023-24 ൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ പലതും 2024-25 ൽ പ്രവർത്തിച്ചിരുന്നില്ല. പ്രസ്തുത സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ലൈസൻസ് ക്യാൻസൽ ചെയ്യുകയും പാരാമെഡിക്കൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാതെയും കാണപ്പെടുന്നു. 2025-2026 സാമ്പത്തിക വർഷങ്ങളിലെ ലൈസൻസ് പുതുക്കുമ്പോൾ 2024-25 ലെ ലൈസൻസ് ഫീ കുടിശ്ശിക അടവാക്കാൻ കെ സ്മാർട്ടിൽ സംവിധാനം ഇല്ലാത്തതിനാൽ അടവാക്കാൻ സാധിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. മറുപടി വ്യക്തമല്ല. കെ സ്മാർട്ട് പരിശോധിച്ചതിൽ 4313004- Receivable For License Fees (Arrears), 4313008 - Receivables For Private Hospital & Paramedical Institutions Registration Fee (Arrear) എന്നീ ഹെഡുകൾ കാണുന്നു. രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

4. രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി – അപാകതകൾ

2024-25 ലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് നഗരസഭ ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡിമാന്റ് രജിസ്റ്റർ പൂർണമല്ല.

A) 2005ലെ കേരളാ മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ചട്ടപ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

B)തൊഴിൽ നികുതി രജിസ്റ്ററിൽ ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരനും സ്ഥാപന മേധാവിയും ഒടുക്കേണ്ട തൊഴിൽ നികുതി (ഡിമാന്റ് തുക), ഓരോ ജീവനക്കാരനും സ്ഥാപന മേധാവിയും ഒടുക്കിയ തൊഴിൽ നികുതി (കളക്ഷൻ തുക), കുടിശ്ശിക തുക എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല . ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള ആകെ കളക്ഷൻ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

C)രജിസ്റ്ററിൽ വാർഷിക സംഗ്രഹം ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

D)തൊഴിൽ നികുതി രജിസ്റ്ററിൽ ഇൻസ്റ്റിറ്റ്യൂഷൻ തൊഴിൽ നികുതി വിവരങ്ങൾ പ്രത്യേകം ചേർത്തിട്ടില്ല. ആയതിനാൽ എത്ര സ്ഥാപനങ്ങൾ നികുതി അടവാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

E)ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്ററിൽ ഭൂരിഭാഗം വ്യക്തികളുടെയും അർദ്ധവാർഷിക വരുമാനം കളക്ഷൻ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. പേരും സ്ഥാപനപ്പേരും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു.

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 വർഷത്തെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | 9 | ദന്തോ കെയർ ദന്തൽ ക്ലിനിക് | 1,2 |
| 2 | 11 | കോഴിക്കോട് സർവോദയ സംഘം ഖാദി ടവർ | 1,2 |
| 3 | 12 | എ എം മോട്ടോഴ്സ് വളാഞ്ചേരി | 1 |
| 4 | 17 | റിലയൻസ് പെട്രോളിയം ഔട്ട് ലെറ്റ് വളാഞ്ചേരി | 2 |
| 5 | 20 | കരിങ്ങ അസോസിയേറ്റ്സ് | 1,2 |
| 6 | 30 | റിലയൻസ് ട്രെന്റ്സ്, ആമിന ടവർ | 2 |
| 7 | 36 | യൂണികോൺ പ്രൈവറ്റ് ലിമിറ്റഡ് | 1,2 |
| 8 | 47 | റെലനീ റീട്ടെയിൽ ലിമിറ്റഡ് | 1,2 |
| 9 | 51 | സബ് ട്രഷറി വളാഞ്ചേരി | 2 |
| 10 | 56 | സാക്ഷരതാ മിഷൻ കുറ്റിപ്പുറം ബ്ലോക്ക് | 1,2 |
| 11 | 75 | കൊശമറ്റം ഫിനാൻസ് വളാഞ്ചേരി | 2 |
| 12 | 77 | അച്ചതൻ നായർ എൻ പി എസ് ഡീൽസ് വളാഞ്ചേരി | 1,2 |
| 13 | 79 | അഗ്രോ ഇൻഡസ് ക്രെഡിറ്റ് ബാങ്ക് വളാഞ്ചേരി | 1,2 |
| 14 | 86 | ഡി ഡി ആർ സി ഡയഗ്നോസിസ് | 1,2 |
| 15 | 87 | എം ഡി സി ബാങ്ക് വളാഞ്ചേരി | 1,2 |

A

| | | | |
|---|---|---|---|
| 16 | 89 | കെ എസ് എഫ് ഇ വളാഞ്ചേരി ബ്രാഞ്ച് | 1,2 |
| 17 | 101 | അൽ അമീൻ ഡെന്റൽ ക്ലിനിക് | 1,2 |
| 18 | 103 | കോഴിക്കോട് സർവോദയ സംഘം | 1,2 |
| 19 | 106 | മേക്കിംഗ് വളാഞ്ചേരി | 2 |
| 20 | 112 | കോ ഓപ്പറേറ്റീവ് കോളേജ് വളാഞ്ചേരി | 1,2 |
| 21 | 114 | വെസ്റ്റേൺ കെമിക്കൽസ് | 1,2 |
| 22 | 116 | കെ ആർ ബേക്കറി വളാഞ്ചേരി | 1,2 |
| 23 | 119 | റിലയൻസ് റീട്ടെയിൽ വളാഞ്ചേരി | 1,2 |
| 24 | 126 | എൽ ഐ സി തിരൂർ ബ്രാഞ്ച് | 1,2 |
| 25 | 141 | എം സി കെ ലിമിറ്റഡ് | 1,2 |
| 26 | 147 | ബ്ലെസി സെയിൽസ് | 1,2 |

3.തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 218 സ്ഥാപനങ്ങളുണ്ട്. ഇതിൽ ഒന്നാം അർദ്ധ വർഷത്തെ 56 സ്ഥാപനങ്ങളുടെ റിട്ടേണുകളും രണ്ടാം അർദ്ധ വർഷത്തെ 90 സ്ഥാപനങ്ങളുടെ റിട്ടേണുകളും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/24.01.2026) ലഭ്യമായ മറുപടിയിൽ ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി അറിയിച്ചു. അവശേഷിക്കുന്ന സ്ഥാപനങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 1,3 അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തൊഴിൽ നികുതി ഈടാക്കുന്നതിന് അർദ്ധവാർഷിക വരുമാനം അടിസ്ഥാനമാക്കിയുള്ള നിരക്കുകൾ 2024-25 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന 01.10.2024 പ്രാബല്യത്തിൽ സ.ഉ.(സാധാ) നം. 1149/2024/LSGD, തീയ്യതി. 27.06.2024 പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

താഴെ പറയുന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളും സ്ഥാപനമേധാവികൾ ലഭ്യമാക്കിയ തൊഴിൽ നികുതി പത്രികകളും പരിശോധിച്ചതിൽ, പുതുക്കിയ നിരക്ക് അടിസ്ഥാനമാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ താഴെപ്പറയും പ്രകാരം കുറവായാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്എന്ന് കണ്ടു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| കെ എൻ ആർ കൺസ്ട്രക്ഷൻസ് ലിമിറ്റഡ് | ബാബൻ കുമാർ | 72000 | 600 | 750 | 150 |
| | ഗണേഷ് സർക്കാർ | 57000 | 450 | 750 | 300 |
| സി എച് മെമ്മോറിയൽ ഹോസ്പിറ്റൽ | മുഹമ്മദ് അസ്ലം | 72000 | 600 | 750 | 150 |
| | വൈദ്യനാഥൻ | 72000 | 600 | 750 | 150 |
| | ഫിറോസ് റസാഖ് | 72000 | 600 | 750 | 150 |
| | മുഹമ്മദ് വി | 66000 | 600 | 750 | 150 |
| | ശ്രീകുമാർ | 60000 | 600 | 750 | 150 |
| | അഫ്സൽ കെ | 60000 | 600 | 750 | 150 |
| | സുലൈഖ | 48000 | 450 | 750 | 300 |
| | അനീഷ അലവി | 48000 | 450 | 750 | 300 |
| | ഗിരിജ | 42000 | 300 | 600 | 300 |
| | സീനത്ത് | 42000 | 300 | 600 | 300 |
| | ഹഫ്സത്ത് | 39000 | 300 | 600 | 300 |
| | മുസ്തഫ | 51000 | 450 | 750 | 300 |
| | വള്ളി | 48000 | 450 | 750 | 300 |
| | സമീറ | 45000 | 450 | 750 | 300 |
| | ഇനാസ് | 40500 | 300 | 600 | 300 |

| | | | | |
|---|---|---|---|---|
| റസീന | 34500 | 300 | 600 | 300 |
| കമലം | 37500 | 300 | 600 | 300 |
| സുനിത | 33000 | 300 | 600 | 300 |
| മുണ്ടി | 34500 | 300 | 600 | 300 |
| അലി | 30000 | 300 | 600 | 300 |
| നൌഷാദ് | 33000 | 300 | 600 | 300 |
| റംല | 33000 | 300 | 600 | 300 |
| സുമ | 33000 | 300 | 600 | 300 |
| അബ്ദുൽ നാസർ കെ | 48000 | 450 | 750 | 300 |
| ആഷിഖ് | 60000 | 600 | 750 | 150 |
| | ആകെ | | | 6900 |

(മുഴുവൻ തൊഴിൽ നികുതി റിട്ടേണുകളും ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. )

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 39/24.01.2026) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്. എല്ലാ തൊഴിൽ നികുതി റിട്ടേണുകളും പുന:പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. കുറവുള്ള പക്ഷം ആയത് ഈടാക്കേണ്ടതാണ്.

## 1-18 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനു ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്. സ.ഉ(സാധാ) നം. 1228/2024/LSGD തിയതി 06.07.2024 പ്രകാരം മുനിസിപ്പാലിറ്റികളിലെ K-Smart വഴിയുള്ള വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ 2024 സെപ്റ്റംബർ 30-നകം പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതുമാണ്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറി രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകനു നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചും കെട്ടിങ്ങളെ/വസ്തു നികുതി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നഗരസഭയുടെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തേണ്ടത് സംബന്ധിച്ചുമാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്.

മേൽ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നഗരസഭ പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും വിവരങ്ങളും ഫീൽഡ് പരിശോധനക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.41/27.01.2026) മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 വിനോദ നികുതി - അപാകതകൾ

വിനോദ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത തിയേറ്ററുകളിൽ നിന്നും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി കൃത്യത പരിശോധിക്കാതെ തിയേറ്റർ അധികൃതർ ലഭ്യമാക്കുന്ന മാന്വൽ ഡി സി ആറിന്റെ അടിസ്ഥാനത്തിലാണ് വിനോദനികുതി ഈടാക്കുന്നത്.

A) പോപ്പുലർ ഫിലിം സിറ്റി സ്ക്രീൻ 1,2 & 3

B)പവിത്ര തിയേറ്റർ

C) ശ്രീകമാർ തിയേറ്റർ

D) പോപുലർ പാരഡൈസ് വളാഞ്ചേരി

E) കാർത്തിക മൂവീസ്, വളാഞ്ചേരി

F) കാർത്തിക ഫിലിം സിറ്റി - സ്ക്രീൻ 1&2

2. സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ. തീയതി 31.01.2024 പ്രകാരം വിനോദ നികുതി ചോർച്ച തടയുന്നതിനായി സിനിമാ തിയേറ്ററുകളിലും വിനോദ നികുതി ഒടുക്കാൻ ബാധ്യതയുള്ള സ്ഥാപനങ്ങളിലും ചെക്കിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

3.സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ. തിയതി 31.01.2024 പ്രകാരം സിനിമാ ടിക്കറ്റുകൾക്ക് പുറമേ 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്റ്റിലെ വകുപ്പ് 3ബി, വകുപ്പ് 6എ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള വിനോദ ഉപാധികൾക്കും മറ്റ് വിനോദ ഉപാധികൾക്കും വിനോദ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം വിനോദ നികുതി ഈടാക്കാൻ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

4. 2024-2025 വർഷത്തെ വിനോദ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പോപുലർ പാരഡൈസ് വളാഞ്ചേരി എന്ന തിയേറ്ററിൽ നിന്നും 2025 ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ വിനോദ നികുതി ഈടാക്കിയിട്ടില്ല. ആയതിന് കാരണം/ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/28.01.2026) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

കെ സ്മാർട്ടിൽ നിന്നും ലഭ്യമായ 2024-25 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ ചേർത്തിരിക്കുന്ന റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2011 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | റൂം നമ്പർ/കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | G1/ 1305 | പി കെ അബ്ദുൽ റഹീം |
| 2 | G2/1306 | മുഹമ്മദ് റിയാസ് |
| 3 | G3/1279 | ചെറുകാട്ടിൽ ഹംസ |
| 4 | G4/1281 | സാബു സി |
| 5 | G7/1280 | ചെറുകാട്ടിൽ ഹംസ |
| 6 | G8/1282 | ബാബു സി |
| 7 | G10/1308 | കളപ്പുലാൻ മുഹമ്മദാലി |
| 8 | G11/1319 | പാണ്ഡു രംഗ ജാദവ് |
| 9 | G13/1302 | മുഹമ്മദാലി ആലിക്കപ്പറമ്പിൽ |
| 10 | G9/1303 | വാക്കയിൽ മൊയ്തീൻ കുട്ടി |
| 11 | G14/1309 | അബ്ദുൽ ഗഫൂർ |
| 12 | G15/1318 | മൊയ്തീൻ കുട്ടി പാലാറ |
| 13 | G16/1284 | കദീജ ഹംസ കോരക്കോട്ടിൽ |
| 14 | G17/ 1301 | എ കെ ഇബ്റാഹിം |
| 15 | G18/1310 | കെ പി മുഹമ്മദ് |
| 16 | G19/1317 | മുഹമ്മദലി |
| 17 | G20/1285 | കെ ടി അലി |

| | | |
|---|---|---|
| 18 | G21/1300 | മുസ്തഫ പാലാറ |
| 19 | G22/1311 | ടി കെ മുഹമ്മദ് സലീം |
| 20 | G23/1316 | കുരിത്തൊടി അലവി |
| 21 | G25/1299 | കെ മൊയ്തീൻ കുട്ടി |
| 22 | G28/1296 | മുസ്തഫ പാലാറ |
| 23 | G29,G30/1294,1295 | മുഹമ്മദ്ഒറവക്കോട്ടിൽ |
| 24 | G33,G32,G31/1291,1292,1293 | കദീജ ഹംസ കോരക്കോട്ടിൽ |
| 25 | G35/1289 | വി പി അയ്യപ്പൻ |
| 26 | G37/1287 | കെ പി സുനിൽ കുമാർ |
| 27 | G38/1315 | കദീജ ഹംസ |
| 28 | G41/1312 | മുഹമ്മദ് ഒറവക്കോട്ടിൽ |
| 29 | F1/1342 | മുജീബ് റഹ്മാൻ കല്ലിങ്കൽ |
| 30 | F2/ 1341 | വിജീഷ് കെ കക്കാട്ട് |
| 31 | F3 /1320 | സി ശശികുമാർ |
| 32 | F4/ 1331 | അബൂബക്കർ |
| 33 | F5,F9,F13/ 1343,1344,1345 | കോഴിക്കോട് ഖാദി ഗ്രാമ സർവോദയ സംഘം |
| 34 | F6/1340 | അബ്ദുൽ സലാം |
| 35 | F7/1321 • | കെ സി വഹീദ |
| 36 | F10/1339 | അബ്ദുൽ സലാം |
| 37 | F11/1322 | സന്ധ്യ പി എം |
| 38 | F14/1338 | പി ഗോപാലൻ |
| 39 | F15/1323 | ഗോപി നാഥൻ |
| 40 | F16/1328 | സൈതാലിക്കുട്ടി |
| 41 | F19/1324 | ബേബി മാളിയേക്കൽ |
| 42 | F21/1347 | ശാരദകുട്ടി |
| 43 | F25/1348 | മുഹമ്മദ് ജുനൈസ് |
| 44 | F26/1349 | ഗോപിനാഥൻ നായർ |
| 45 | F27/1350 | വി അയ്യൂബ് |
| 46 | F30/1353 | വി അബ്ബാസ് അലി |
| 47 | F31/1354 | കെ പി അബ്ദു റഹിമാൻ |
| 48 | F34/1357 | സെക്രട്ടറി, വളാഞ്ചേരി സർവീസ് സഹകരണ സംഘം |
| 49 | F37/1332 | ഷബീർ കെ കെ |
| 50 | F39,40/1334,1335 | കെ പി മുഹമ്മദ് അബ്ദു റഹിമാൻ |
| 51 | S3/1362 | ബക്കർ എം എ |
| 52 | S4,S5/1363,1364,1365 | പി ഗോപാലൻ |
| 53 | S8/1367 | അബ്ദുൽ നാസർ |
| 54 | S10/1369 | ജയരാജൻ കെ |
| 55 | S12/1371 | കെ ടി അബ്ദുൽ നാസർ |
| 56 | S13/1372 | ബാബു അഴുവളപ്പിൽ |
| 57 | S14/1373 | കെ പി മുഹമ്മദ് അബ്ദു റഹിമാൻ |
| 58 | S15/1374 | പി ഗോപാലൻ |

വാർഡ് 14 ലെ ഷോപ്പിംഗ് കോംപ്ലക്സിലെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. വാടകക്ക് നൽകിയിട്ടുള്ള മറ്റ് കെട്ടിട മുറികളുടെ കെട്ടിട നമ്പർ വാടക രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് 2024-2025 ൽ IFTE&OS ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/27.01.2026) മറുപടി ലഭ്യമാക്കിയില്ല രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. IFTE&OS ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഹെഡ്മാസ്റ്റർ കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. ഹെഡ്മാസ്റ്റർ കാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. . 2023-24 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയം പരാമർശിച്ചിരുന്നു. അപാകതകൾ പരിഹരിക്കുമെന്ന് ഹെഡ്മാസ്റ്റർ ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നമ്പർ 8/21.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കാഷ് ബുക്ക് , പ്രൊജക്ട് രജിസ്റ്റർ എന്നിവ മുൻപുള്ള നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുകയോ കൈമാറുകയോ ചെയ്തിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാഷ്ബുക്ക് ഭാവിയിൽ സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം-രേഖകൾ ഹാജരാക്കിയില്ല.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം., പേര് | 97/25 യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം |
| അടങ്കൽ, ഫണ്ട് | ₹2,10,000/- (തനത് ഫണ്ട്) |
| ആകെ ചെലവ് | ₹1,91,680/- |
| വൗച്ചർ നം./തിയ്യതി | 24001080/30.3.25 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ടെൻഡ് ഫോൾഡ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് 1,91,680 രൂപ ജിഎസ് ടി ഉൾപ്പടെ അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-63/2024-25 തി. 17.3.25)

| സ്പോർട്ട്സ് ഉപകരണം | എണ്ണം | വില | ആകെ വില (ജിഎസ് ടി ഉൾപ്പടെ) |
|---|---|---|---|
| ഫുട്ബാൾ | 32 | 848.21 | 30,400 |
| ക്രിക്കറ്റ് ബാറ്റ് | 32 | 1473.21 | 52,800 |
| ക്രിക്കറ്റ് സ്റ്റമ്പ് | 32 | 267.86 | 19,200 |
| ക്രിക്കറ്റ് ബാൾ | 32 | 267.86 | 9600 |
| വോളി ബാൾ | 32 | 669.64 | 24,000 |
| ഷട്ടിൽ ബാറ്റ് | 32 | 803.87 | 28,800 |
| ഷട്ടിൽ കോക്ക് | 32 | 437.50 | 15,680 |
| ചെസ്സ് ബോർഡ് | 32 | 312.50 | 11,200 |
| | ആകെ | | 1,91,680 |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ക്ലബുകൾ അവർക്ക് ആവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് സമർപ്പിച്ചത് ഫയലിലില്ല.

2) ക്ലബുകളെ ഭരണ സമിതി അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

3) 32 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 1,91,680 രൂപ (5990*32) ക്വാട്ട് ചെയ്ത ടെൻഡ് ഫോൾഡ്സ് എന്റർർപ്രൈസസ് എടവണ്ണ LLP യെയാണ് പദ്ധതിയുടെ നടത്തിപ്പിന് ക്വട്ടേഷനിലൂടെ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രൊക്യൂർമെന്റെ കമ്മിറ്റിയുടെ 5.2.25ലെ യോഗം ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടി സ്വീകരിച്ചതിന്റെ വിവരം ഫയലിലില്ല. ജിഒ(പി) നമ്പർ7/19/എസ് പിഡി തി.26.4.19പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും ജെം മുഖേന സമാഹരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

4) ചുവടെ ചേർത്ത ക്ലബുകളുടെ 2024-25 വർഷത്തെ രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ക്ലബിന്റെ പേര് | കുറിപ്പ് |
|---|---|---|
| 1 | വാസ്ക് ക്ലബ്ബ് വടക്കുംമുറി | 2022 ലെ രജിസ്ട്രേഷൻ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത് |
| 2 | യങ്ങ് ലൈറ്റ് ആർട്ട്സ് ആന്റ് | 2022 ലെ രജിസ്ട്രേഷൻ രേഖകളാണ് |

| | | |
|---|---|---|
| | സ്പോർട്ട്സ് ക്ലബ്ബ് കാട്ടിപ്പരുത്തി | ലഭ്യമാക്കിയിട്ടുള്ളത് |
| 3 | ന്യൂ സഹാറ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് ബാവപ്പടി | 2018 ലെ രജിസ്ട്രേഷൻ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത് |
| 4 | സാന്ത്വനം സാംസ്കാരിക സംഘം കുളമംഗലം | 2016 ലെ രജിസ്ട്രേഷൻ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത് |
| 5 | ഗ്രീൻ സിറ്റി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് തൊഴുവാനൂർ | 2015 ലെ രജിസ്ട്രേഷൻ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത് |
| 6 | യൂത്ത് വോയ്സ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് തൊഴുവാനൂർ | 2015 ലെ രജിസ്ട്രേഷൻ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത് |

5) ഇൻവോയ്സ് പ്രകാരം വാങ്ങിയ സ്പോർട്ട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. 30 ക്ലബ്ബുകൾക്ക് വിതരണം ചെയ്ത രേഖകളാണ് ഹാജരാക്കിയത്. കൈപ്പറ്റിൽ ക്ലബ്ബുകളുടെയും കൈപ്പറ്റിയ വ്യക്തിയുടെയും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എത്ര സ്പോർട്ട്സ് ഉപകരണം കൈപ്പറ്റിയെന്നും രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 9/21.1.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരംമറുപടി ലഭ്യമാക്കി.

1 ജെം മുഖേന വാങ്ങുന്നതിൽ ഐ ഡി ക്രിയേറ്റ് ചെയ്യുന്നതിൽ സാങ്കേതിക തടസ്സം ഉള്ളതിനാൽ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

2 ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ഗവൺമെന്റ് സൈറ്റിൽ നിന്നുള്ള വിവരങ്ങളാണ് ലഭ്യമാക്കിയത്.

നിർവഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടി പരിശോധിച്ച് പരിഹരിച്ച അപാകതകൾ ഒഴിവാക്കി അവശേഷിക്കുന്ന വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് .അപാകതകൾ പൂർണ്ണമായി പരിഹരിക്കുന്നതുവരെ 1,91,680 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ലാംഗ്വേജ് ഡെവലപ്മെന്റ് പ്രോഗ്രാം –വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

നഗരസഭയിൽ ലാംഗ്വേജ് ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന് താഴെ പറയുന്ന പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 288/25, ലാംഗ്വേജ് ഡെവലപ്പ്മെന്റ് പ്രോഗ്രാം |
| അടങ്കൽ | 53,363 (തനത് ഫണ്ട്) |
| ചെലവ് | 46,638<br>വൗച്ചർ നമ്പർ-24000526/23.10.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷത്തിൽ അവസാന ഗഡു 46,638രൂപ (39524+7114GST) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കഴക്കൂട്ടം എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ ASAP/ FDG/P10130 19.3.24).

ഫയൽ പരിശോധിച്ചതിൽ നഗരസഭയിലെ വിവിധ സ്കൂളുകളിലെ 35 കുട്ടികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനവുമായി 5.3.24ന് കരാർ ചമച്ചിട്ടുണ്ട്. 60 മണിക്കൂറാണ് കോഴ്സിന്റെ കാലാവധി.ആകെ പ്രൊജക്ട് കോസ്റ്റ് 93,275 രൂപയാണ്. കോഴ്സിന്റെ തുടക്കത്തിൽ പ്രൊജക്ട് കോസ്റ്റിന്റെ 50% ഉം കോഴ്സിന്റെ കാലയളവിൽ ബാക്കി തുകയും നൽകുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 കുട്ടികളുടെ ഹാജർ വിവരം ലഭ്യമല്ല.

2 കുട്ടികൾ വിജയകരമായി പ്രോഗ്രാം പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല. മേൽ പ്രൊജക്ട് നടപ്പിലാക്കിയതിന്റെ ഭാഗമായി കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടില്ല. മേൽ പ്രൊജക്ട് കുട്ടികൾക്ക് എത്രമാത്രം പ്രയോജനം ചെയ്തുവെന്ന് വ്യക്തമല്ല.

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ വിദ്യാഭ്യാസ കലാ ,കായിക സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാത്രമാണ് ഒപ്പ് വച്ചിട്ടുള്ളത്. മേൽ പ്രൊജക്ട് ലക്ഷ്യം നേടിയോ എന്ന് മനസ്സിലാക്കുവാൻ ഉതകുന്ന രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക 46,638 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 10/21.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നഗരസഭാ തീരുമാനം,എസ് എസ് കെ യിൽ നിന്നുള്ള സാക്ഷ്യപത്രം , എന്നിവ ഹാജരാക്കി. മറുപടി പരിശോധിച്ച് പരിഹരിച്ച അപാകതകൾ ഒഴിവാക്കി അവശേഷിക്കുന്ന അപാകതകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാവിയിൽ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ അതിന്റെ ഫലപ്രാപ്തി കൂടി ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 പ്രതിഭാ പുരസ്കാരം– രേഖകൾ ലഭ്യമാക്കിയില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രതിഭാ പുരസ്കാരം പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക് നം.. പേര് | 101/25 – പ്രതിഭാ പരസാരം |

| | |
|---|---|
| അടങ്കൽ, ഫണ്ടിനം | ₹1,00,000/- (തനത് ഫണ്ട്) |
| ആകെ ചെലവ് | ₹72,680/- |
| വൗച്ചർ നം./തിയ്യതി | 24000615/25.11.24 |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29.6.24ലെ 4ാം നമ്പർ തീരുമാന പ്രകാരം സിനി ഫോട്ടോ സ്റ്റുഡിയോയുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സിനി ഫോട്ടോ ബസാർ സമർപ്പിച്ച ഇൻവോയ്സിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വിവരണം | എണ്ണം | വില | ആകെ | ഇൻവോയ്സ് നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | മൊമെന്റോ അക്രിലിക്ക് എസ് എസ് എൽസി പ്ലസ്സ | 120 | 340 | 40,800 | 1261/20.6.24 |
| 2 | മൊമെന്റോ അക്രിലിക്ക് എൽ എസ് എസ് ,യുഎസ്എസ് എൻഎൻഎംഎസ് | 57 | 300 | 17,100 | 1261/20.6.24 |
| 3 | മൊമെന്റോ | 1 | 450 | 450 | 1260/20.6.24 |
| 4 | മൊമെന്റോ | 1 | 1550 | 1550 | 1260/20.6.24 |
| 5 | ഫ്ലക്സ് | 1 | 1250 | 1250 | 1260/20.6.24 |
| 6 | മൊമെന്റോ | 1 | 1750 | 1750 | 1260/20.6.24 |
| 7 | മൊമെന്റോ | 1 | 1750 | 1750 | 1260/20.6.24 |
| 8 | മൊമെന്റോ | 1 | 1550 | 1550 | 1260/20.6.24 |
| 9 | മൊമെന്റോ അക്രിലിക്ക് | 18 | 360 | 6480 | 1258/20.6.24 |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 72,680 രൂപ സിനി ഫോട്ടോ ബസാറിന് അനുവദിച്ചിട്ടുണ്ട്.പ്രൊജക്ടിന്റെ നിർവഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രതിഭാ പുരസ്കാരത്തിന് അർഹരായ 56 എസ് എസ് എൽ സി വിദ്യാർത്ഥികളുടെയും 36 പ്ലസ് ടു വിദ്യാർത്ഥികളുടെയും എൽ എസ് എസ്/യുഎസ്എസ് നേടിയ 44 വിദ്യാർത്ഥികളുടെയും എൻഎൻഎംഎസ് നേടിയ 13 വിദ്യാർത്ഥികളുടെയും വിവരങ്ങളാണ് ലഭ്യമാക്കിയത്. മേൽ വിദ്യാർത്ഥികൾ ഏതു സ്കൂളിലാണ് പഠനം നടത്തിയതെന്ന് വ്യക്തമല്ല. മുഴുവൻ വിദ്യാർത്ഥികളുടെയും ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. കൂടാതെ നഗരസഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കുന്നതിനു പകരം നിർവഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ ലിസ്റ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

2 സ്ഥാപനം തുക കൈപ്പറ്റിയ രശീതി പരിശോധനക്ക് ഹാജരാക്കിയില്ല.

3 ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും , വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല.

4 ക്രമനമ്പർ 3 മുതൽ 9 വരെയുള്ള ഇനങ്ങൾ (ക്രമനമ്പർ 4 ഒഴികെ) എസ്എസ്എൽ സി ,പ്ലസ് ടു എൽഎസ് എസ് / യുഎസ് എസ് /എൻ എൻ എം എസ് സ്കോളർഷിപ്പ് നേടിയവരെ ആദരിക്കാനല്ല വിനിയോഗിച്ചിട്ടുള്ളത്. മറ്റു മേഖലകളിൽ ഉള്ളവർക്ക് ആദരം നൽകുവാൻ തീരുമാനമെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

5 പ്രതിഭകളെ ആദരിക്കുന്ന പരിപാടി ഏതു തിയതിയിൽ എവിടെവെച്ച് നടത്തിയെന്ന വിവരം ലഭ്യമല്ല.
മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ വിദ്യഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാത്രമാണ് ഒപ്പു വച്ചിട്ടുള്ളത്.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 11/21.1.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച് പരിഹരിച്ച അപാകതകൾ ഒഴിവാക്കി അവശേഷിക്കുന്ന വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ പൂർണ്ണമായി പരിഹരിക്കാത്തതിനാൽ ചെലവ് തുക 72,680 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 സർക്കാർ സ്കൂളുകളുടെ ആവർത്തന ചെലവുകൾ -അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി സർക്കാർ സ്കൂളുകളുടെ ആവർത്തന ചെലവുകൾക്ക വേണ്ടി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 10/25,സർക്കാർ സ്കൂളുകളുടെ ആവർത്തന ചെലവുകൾ |
| അടങ്കൽ | 2,50,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)) |

| | |
|---|---|
| ചെലവ് | 2,14,934<br>വൗച്ചർ നമ്പർ 24001022/25.3.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 66,506 രൂപ താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്

| പേര് | തുക | റിമാർക്സ് |
|---|---|---|
| ഷിബിലി ഉസ്മാൻ എം അനുവദിച്ചത് | എന്നവർക്ക് 66,506 | 64 ഇനങ്ങൾക്കായി 66,506 രൂപ അനുവദിച്ചിട്ടുണ്ട്. ഏത് സ്കൂളിനാണ് അനുവദിച്ചതെന്ന സാക്ഷ്യപത്രം ലഭ്യമല്ല. കൂടാതെ ചെലവ് രേഖകൾ അധികൃതമാക്കിയിട്ടില്ല. |

അപാകതകൾ ചൂണ്ടിക്കാട്ടി നമ്പർ 46/28.1.26 പ്രകാരം എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 66,506 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.86/2022/LSGD, തീയതി 19.04.2022, ഖ.3.1.2 ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്.ഓഡിറ്റ് വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻമാർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 23/24.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ഫലപ്രദമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-27 ചെയർമാന്റെ ദുരിതാശ്വാസനിധി രേഖകൾ ഹാജരാക്കിയില്ല.

2003ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ (ചട്ടം-3) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നഗരസഭാ നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി നഗരസഭയ്ക്ക് ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ചട്ടം-3(2) പ്രകാരം കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി നഗരസഭാദ്ധ്യക്ഷൻ, സെക്രട്ടറി, ഒരു കൗൺസിലർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ചട്ടം-4(1) പ്രകാരം ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക്/ കുടുംബത്തിന് നഗരസഭാ കൗൺസിൽ തീരുമാനിക്കുന്ന തുക അപേക്ഷ പ്രകാരം ധനസഹായമായി നൽകാവുന്നതാണ്. അടിയന്തിര ഘട്ടത്തിൽ അപേക്ഷയുടെ അഭാവത്തിൽ തന്നെ ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ നൽകാൻ ചട്ടം -4(5) പ്രകാരം വ്യവസ്ഥയുണ്ട്. ദുരിതാശ്വാസനിധി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതിന്റെ രജിസ്റ്റർ, പാസ്സ്ബുക്ക്, മിനുട്ട്സ് ,വിനിയോഗ വിവരങ്ങൾ തുടങ്ങിയ രേഖകൾ പരിശോധനക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നമ്പർ 25/23.1.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വാർഷിക കണക്ക് പ്രകാരം 60,160 രൂപയുടെ ചെലവ് ദുരിതാശ്വാസ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ഉണ്ടായിട്ടുണ്ട്. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

A

## 1-28 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കേണ്ടതാണ്.

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/എൽ.3/99 ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ്സ് അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ഫയൽ നമ്പർ 1533890-2024

| ക്രമ നമ്പർ. | സാമ്പത്തിക വർഷം. | തുക. | അടവാക്കേണ്ട തീയതി. | അടവാക്കിയ തീയതി. | വൗച്ചർ നമ്പർ/ തീയതി. |
|---|---|---|---|---|---|
| 1 | 2023-24 രണ്ടാം അർദ്ധ വർഷം. | 872575 | 30.4.2024 | 27.7.2024 | 24000241/27.7.2024 |

ലൈബ്രറി സെസ്സ് കൃത്യ സമയത്ത് അടവാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 26/23.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഭാവിയിൽ ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ സമയക്രമം പാലിക്കേണ്ടതാണ്.

## 1-29 ഓണം അഡ്വാൻസ് പൂർണ്ണമായും തിരിച്ചു പിടിക്കേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് ഓണം അഡ്വാൻസ് ഇനത്തിൽ 1,50,000 രൂപ അനുവദിച്ചിരുന്നു. താഴെ പറയുന്ന ജീവനക്കാരിൽ നിന്നും നാളിതുവരെ തുക പൂർണ്ണമായും തിരിച്ചു പിടിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ. | ജീവനക്കാരന്റെ പേര്, തസ്തിക. | വൗച്ചർ നമ്പർ/ തിയ്യതി | അനുവദിച്ച തുക. | തിരികെ ഈടാക്കിയ തുക. | ബാക്കി. |
|---|---|---|---|---|---|
| 1 | ശ്രീമതി ജയശ്രീ ജൂനിയർ സൂപ്രണ്ട് | 24000394/11.9.24 | 10000 | 8000 | 2000 |
| 2 | ശ്രീ യൂനസ് എ ഓഫീസ് അറ്റന്റന്റ് | 24000394/11.9.24 | 20000 | 16000 | 4000 |
| | ആകെ | | | | 6000 |

മേൽ പട്ടിക പ്രകാരം അവശേഷിക്കുന്ന അഡ്വാൻസ് തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 27/23.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. ഓണം അഡ്വാൻസ് തുക അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർണ്ണമായും ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-30 ഭിന്നശേഷിക്കാരുടെ കലാകായികോൽസവം-അപാകത

പ്രൊജക്ട് : ഭിന്നശേഷിക്കാരുടെ കലാകായികോൽസവം

നം.: 127/2025

നിർവ്വഹണോദ്യോഗസ്ഥൻ- ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ - 7,50,00 (വികസന ഫണ്ട് ജനറൽ )

ചെലവ്- 71132

വൗച്ചർ നം. J-M101100-24000551/10-02-2025 : 31282

J-M101100-24000626/16-03-2025 : 21250

J-M101100-24000697/25-03-2025 : 18600

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാരുടെ കലാകായികോൽസവം പദ്ധതിയുടെ ഭാഗമായി ഭക്ഷണം, പങ്കെടുക്കുന്നവർക്കുള്ള സമ്മാനം, ലൈറ്റ് & സൗണ്ട് എന്നീ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. വിവിധ ചെലവുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചാണ് സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തിച്ചിട്ടുള്ളത്. ഇതിൽ ലൈറ്റ് & സൗണ്ട് ഇനത്തിൽ ശ്രീ അബ്ദുൾ കരീം എന്നവരാണ് കുറവ് തുക ക്വാട്ട് ചെയ്തിട്ടുള്ളത് (7700 രൂപ) എന്നാൽ ടി ഇനത്തിൽ 8200 രൂപ അനുവദിച്ചിട്ടുണ്ട്, അധികമായി അനുവദിച്ച 500 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ

20/23.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 നഗരസഭ ആസ്തികളുടെ ജിഐഎസ് മാപ്പിംഗ് – പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ഫയൽ നം : 1262528-2024

മുനിസിപ്പൽ പ്രദേശത്തിന്റെ വാർഡുകളുടെ അതിര്, കെട്ടിടങ്ങളുടേയും തെരുവ് വിളക്കുകളുടെയും റോഡുകളുടേയും ജല സ്രോതസ്സിന്റേയും സ്ഥാനം തുടങ്ങിയ പ്രകൃതി മനുഷ്യ വിഭവങ്ങളുടെ വിവരങ്ങൾ ജി.ഐ.എസ് മാപ്പിംഗ് വഴി മനസ്സിലാക്കാനുതകുന്നതാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി.

| | | | |
|---|---|---|---|
| പ്രൊജക്ട് നം/ പേര് | 293/25: നഗരസഭാ ആസ്തികൾ ജിഐഎസ് മാപ്പിംഗ് | അടങ്കൽ/ ഫണ്ടിനം | 11,47,000(സിഎഫ് സി)<br>3,03,000 (തനത്) |
| ചെലവ് (14,50,000/-) | 1147000 (സിഎഫ് സി)<br>3,03,000 (തനത്) | വൗച്ചർ നം/ തീ | 24000894/22.2.25<br>5,51,017<br>24001049/29.3.25<br>5,95,983<br>24001124/31.3.25<br>3,03,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | എഗ്രിമെന്റ് നം | 1 /4.1.22<br>2/4.1.23<br>3/21.6.24(സപ്ലിമെന്ററിഎഗ്രിമെന്റ്) |
| കോൺട്രാക്ട് | ഊരാളുങ്കൽ സൊസൈറ്റി | കാലയളവ് | 2023-24, 24-25 |

(കുറിപ്പ് :23-24ൽ നൽകാനുള്ള 5,51,017 /- രൂപ ഉൾപ്പടെ ആകെ ചെലവ് 14,50,000 /-രൂപ )

നഗരസഭ ആസ്തികളുടെ ജിഐഎസ് മാപ്പിംഗ് ചെയ്യുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കാണ് കോൺട്രാക്ട് നൽകിയിട്ടുള്ളത് .

ഒന്നാംഘട്ടത്തിൽ ഡ്രോൺ സർവ്വേ, ബേസ് മാപ്പിംഗ്,വെബ് പോർട്ടൽ എന്നിവ നടപ്പാക്കിയതായി ഫയലിൽ കാണുന്നു.കൂടാതെ ഒന്നാം ഘട്ടത്തിൽ 3428 പ്രോപ്പർട്ടികളും രണ്ടാം ഘട്ടത്തിൽ 9963 പ്രോപ്പർട്ടികളും ഉൾപ്പടെ 13391 പ്രോപ്പർട്ടികളുടെ വിവരശേഖരണം പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആദ്യ ഘട്ടത്തിലെ 30 ലക്ഷം രൂപയിൽ ആദ്യഘട്ടത്തിൽ നൽകുവാൻ അവശേഷിക്കുന്ന 5,51,017 രൂപ ഊരാളുങ്കൽ സൊസൈറ്റിക്ക് 2024-25 വർഷം നൽകിയിട്ടുണ്ട്.

21.6.24 ലെ കരാർ പ്രകാരമുള്ള മൂന്നാം ഘട്ട പ്രവർത്തനങ്ങൾ 8.7.24ന് ആരംഭിച്ചു. മൂന്നാം ഘട്ടത്തിൽ ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേയാണ് (Field Survey Proposed Along With Socio Economic Details.) ഉദ്ദേശിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ അവശേഷിക്കുന്ന 7000 കെട്ടിടങ്ങളുടെ സർവ്വേയാണ് 2024-25 വർഷത്തിൽ നിർവഹിക്കുന്നത്. ആയതിന് 9,08,600 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.(യൂനിറ്റ് @110)

| ഘട്ടം | അനുവദിച്ച തുക | നികുതി ഫണ്ട് | |
|---|---|---|---|
| ഒന്നാം ഘട്ടം ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയത് | 5,28,977 | | സിഎഫ് സി |
| | 11,020 | IT | |
| | 5510 | CGST | |
| | 5510 | SGST | |
| ആകെ | 5,51,017 | | |
| രണ്ടാം ഘട്ടം ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയത് | 2,66,656 | | തനത് |
| | 18,172 | IT | |
| | 9086 | CGST | |
| | 9086 | SGST | |
| ആകെ | 303000 | | |

A

| | | |
|---|---|---|
| ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയത് | 5,95,983 | സിഎഫ് സി |
| ആകെ | 5,95,983 | |
| ആകെ ചെലവ് തുക | 14,50,000 | |

അപാകതകൾ

1.പദ്ധതിയുടെ നിലവിലെ അവസ്ഥാ വിവരം ലഭ്യമാക്കേണ്ടതാണ്(പൂർത്തീകരണ സാക്ഷ്യപത്രം)

2 ചെലവ് പത്രിക പ്രകാരം 14,50,000/- രൂപ പ്രവൃത്തിയിൽ ULCC ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ വസ്തുനികുതി സംബന്ധമായ കെട്ടിടങ്ങളുടേയും എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടേയും റോഡുകളുടേയും ഹെൽത്തുമായി ബന്ധപ്പെട്ട കാനകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയെല്ലാം സംബന്ധിച്ച് സർവ്വെ നടത്തി സമ്പൂർണ്ണമായ വിവര ശേഖരണമാണ് GIS Mapping എന്ന പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച സമ്പൂർണ്ണമായ ഡാറ്റ കളക്ഷൻ പൂർത്തീകരിച്ചതിന്റെ (മുൻ വർഷങ്ങളിലേതുൾപ്പടെ) വിവരം ലഭ്യമാക്കിയിട്ടില്ല.

3. ഐ.കെ.എം. ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകളുമായി ജി.ഐ.എസ് മാപ്പിംഗ് സംയോജിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4. പ്രോപ്പർട്ടി അസസ്മെന്റിന് ആയത് എപ്രകാരമാണ് ഉപയോഗിക്കാനാവുന്നത് എന്ന് വിശദീകരിക്കേണ്ടതാണ്.

5 മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭാ പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെയും സർവ്വേ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

6 2023-24 വർഷത്തെ തുടർച്ചയായാണ് പദ്ധതി നിർവഹണം നടക്കേണ്ടിയിരുന്നത്.സുലേഖ വരവ് ചെലവ് പത്രിക പ്രകാരം എന്നാൽ സ്പിൽ ഓവർ പ്രൊജക്ട് അല്ലാതെ പുതിയ പ്രൊജക്ട് ആയാണ് 2024-25 ൽ നിർവഹണം നടത്തിയിരിക്കുന്നത്. മുൻ വർഷത്തെ ചെലവ് തുക 5,51,017 രൂപ പുതിയ പ്രൊജക്ടിന്റെ ചെലവിൽ ഉൾപ്പെടുത്തി നൽകിയത് ക്രമപ്രകാരമല്ല.

7.മോണിട്ടറിങ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 38/24.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതിനും മറ്റ് അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 14,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം -രേഖകൾ ലഭ്യമാക്കിയില്ല.

ഫയൽ നമ്പർ-2452884-2024

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 201/25 വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം |
| അടങ്കൽ | 10,00,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 9,44,800 രൂപ |
| നിർവഹണ ഉദ്യാഗസ്ഥൻ സെക്രട്ടറി | |

4

വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിന് വിവിധ ആശുപത്രികളുമായി/ഡയാലിസിസ് സ്ഥാപനങ്ങളുമായി കരാർ വെച്ച് താഴെ പറയും പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. പ്രതിമാസം 4000 രൂപയാണ് ഒരു വ്യക്തിക്ക് ഡയാലിസിസ് ചെയ്യുന്നതിനായി നൽകുന്നത്. തുടർച്ചയായി എല്ലാ മാസവും രോഗികൾ ഡയാലിസിസിന് വിധേയമായിട്ടില്ല.

| ക്രമനമ്പർ | ആശുപത്രിയുടെ പേര് | രോഗികളുടെ എണ്ണം | മാസം | തുക | വൗച്ചർ നമ്പർ തിയതി |
|---|---|---|---|---|---|
| 1 | ഇള ചാരിറ്റബിൾ ട്രസ്റ്റ് വളാഞ്ചേരി | 3 | 2024 ഏപ്രിൽ മുതൽ ഒക്ടോബർ വരെ | 68000 | 24000607/ 25.11.24 |
| | | 4 | 2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ | 84000 | 24001126/31.3.25 |
| 2 | ശിഹാബ് തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ് വളാഞ്ചേരി | 14 | 2024 ഏപ്രിൽ മുതൽ ഒക്ടോബർ വരെ | 356000 | 24000607/ 25.11.24 |

| | | | | | |
|---|---|---|---|---|---|
| | | 15 | 2024 നവമ്പർ മുതൽ 2025 മാർച്ച് വരെ | 288000 | 24001126/31.3.25 |
| 3 | നടക്കാവിൽ ഹോസ്പിറ്റൽ വളാഞ്ചേരി | 5 | 2023 ജൂലൈ മുതൽ 2024 ഡിസംബർ വരെ | 81200 | 24000817/29.1.25 |
| | | 4 | 2025 ജനവരി മുതൽ മാർച്ച് വരെ | 47600 | 24001126/31.3.25 |
| 4 | സബൈൻ ഹോസ്പിറ്റൽ തിരൂർ | 1 | 2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ | 20000 | 24001126/31.3.25 |
| | ആകെ | | | 944800 | |

മേൽ പ്രൊജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും മറുപടി നൽകുകയും ചെയ്തില്ല.

1 തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 01.01.2021 ലെ ഡിഎ 1/321/2020/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രൊജക്ട് മെഡിക്കൽ ഓഫീസർ നിർവ്വഹിക്കണം എന്നും ധനസഹായം ബന്ധപ്പെട്ട ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് കൈമാറേണ്ടത് മെഡിക്കൽ ഓഫീസർ ആണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് സെക്രട്ടറിയാണ്.

2 സർക്കുലർ നമ്പർ ഡിഎ1/151/2022 തി. 18.9.22പ്രകാരം ഗുണഭോക്തൃ പട്ടിക മറ്റ് സർക്കാർ സഹായം ലഭ്യമാകുന്ന രോഗികളെ ഒഴിവാക്കി കൃത്യമാക്കി നിർവഹണ ഉദ്യോഗസ്ഥന് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3 മേൽ പട്ടികയിലെ ക്രമനമ്പർ 3 നടക്കാവ് ആശുപത്രി ഒഴികെയുള്ള സ്ഥാപനങ്ങളിലെ രോഗികളുടെ ഡിമാന്റ് ലെറ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല.

4 ഗുണഭോക്താക്കൾക്ക് ഈ സേവനം ലഭിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഇപ്രകാരം ഡയാലിസിസ് നടത്തിയ രോഗികളുടെ കൃത്യമായ വിവരം, ഡയാലിസിസ് നടത്തിയ കാലയളവ് ,ഡയാലിസിസിന്റെ എണ്ണം എന്നിവ നിരീക്ഷിക്കുന്നതിന് നഗരസഭയിൽ സംവിധാനവുമില്ല. ഡയലിസിസിന് വിധേയരായ ഗുണഭോക്താക്കൾ അവർക്ക് സൗജന്യ ഡയാലിസിസ് സേവനം ലഭിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

5 ഡയാലിസിസ് സംബന്ധിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

6 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നമ്പർ 36/24.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ് അതുവരെ ചെലവ് തുക 9,44,800 രൂപ തടസ്സം ചെയ്യുന്നു.

## 1-33 നഗരസഭയിലെ വാഹന ഉപയോഗം-അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഫയൽ നമ്പർ 1807021-2024

ക്രമ നമ്പർ 1

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | നഗരസഭാ ഓഫീസിലേക്ക് വാഹനം വാടകക്ക് എടുക്കൽ |
| അടങ്കൽ | 2,50,000 (തനത് ഫണ്ട്) |
| ചെലവ് | 2,17,404 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭാ ഓഫീസിലേക്ക് വാഹനം വാടകക്ക് എടുത്തതിന് വാഹന വാടകയിനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 2,17,404/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ.അബ്ദുറഹ്മാൻ, കരുവാടി പള്ളിയാലിൽ കൊട്ടാരം എന്നയാൾക്ക് 59,499 രൂപയും ശ്രീ ഷനേഷ് തോട്ടിക്കര വളപ്പിൽ പേരശ്ശന്നൂർ എന്നയാൾക്ക് 1,57,905 രൂപയും നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് 30,000/- രൂപയ്ക്കു മേൽ നൽകുന്ന തുകയ്ക്കും ഒരു സാമ്പത്തിക വർഷം ഒരു ലക്ഷം രൂപയ്ക്ക് മേൽ നൽകുന്ന തുകയ്ക്കും ആദായ നികുതി ഈടാക്കേണ്ടതാണ്. വ്യക്തികളുടെ PAN ന്റെ

അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 1% വും സ്ഥാപനത്തിന്റെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 2% വും ടി.ഡി.എസ് പിടിച്ച് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതും Quarterly Filing ചെയ്യേണ്ടതുമാണ്. എന്നാൽ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ. | വൗച്ചർ നമ്പർ / തീയ്യതി | വാഹന നൽകിയത്. | വാടക ഈടാക്കേണ്ടിയിരുന്ന ആദായനികുതി. |
|---|---|---|---|
| 1 | 24000463/4.10.24 | 47,833 | |
| 2 | 24000524/23.10.24 | 11,666 | |
| 3 | 24000600/22.11.24 | 20,322 | |
| 4 | 24000629/4.12.24 | 33,833 | 217404x 1% = 2174/- രൂപ. |
| 5 | 24000745/7.1.25 | 35,000 | |
| 6 | 24000857/10.2.25 | 35,000 | |
| 7 | 24000935/6.3.25 | 33,750 | |
| ആകെ. | | 2,17,404 | 2174/- രൂപ. |

ആദായനികുതി ഈടാക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചയിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ ആദായനികുതി വകുപ്പിന് സ്വീകരിക്കാമെന്നിരിക്കെ ഇപ്രകാരമുള്ള വീഴ്ച പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ 2

ധനകാര്യ (ഐ.ടി സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" - എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നഗരസഭയിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങളുടെയും വിവരവും പ്രസ്തുത നിർദ്ദേശം പാലിച്ച് "VEELS" ൽ രജിസ്റ്റർ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് സംബന്ധിച്ച് നമ്പർ 28/23.1.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 വീട് വാസയോഗ്യമാക്കൽ -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് 50000/-രൂപ ധനസഹായം നൽകുന്ന താഴെ പറയുന്ന പദ്ധതിയുടെ രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ 2024-25 വർഷത്തിൽ അഡ്വാൻസ് തുക 25000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം ചുവടെ.

പദ്ധതി: വീട് വാസയോഗ്യമാക്കൽ-ജനറൽ (278/2024-25)

അടങ്കൽ: 53,50,000 (വികസനഫണ്ട് ജനറൽ)

ചെലവ്: 44,25,000

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 1 | മുഹമ്മദ് മയിലാടിക്കുന്നത്ത് വാർഡ് 05 | 25,000 | J-M101100-24000670/29.07.2024 |
| 2 | ഉമ്മേമരിയ പുളിയിലക്കുന്നത്ത് വാർഡ് 06 | 25,000 | J-M101100-24000662/25.07.2024 |
| 3 | ന്യൂറുന്നീസ ചെങ്കണ്ടൻ, വാർഡ് 11 | 25,000 | J-M101100-24000662/25.07.2024 |

| | | | |
|---|---|---|---|
| 4 | ദേവയാനി അമ്മ, വെള്ളാട്ട്കമ്പത്ത് വാർഡ് 12 | 25,000 | J-M101100-24000662/25.07.2024 |
| 5 | വേലു കളപ്പടത്തിൽ, വാർഡ് 26 | 25,000 | J-M101100-24000502/02.08.2024 |
| 6 | ലീല മംഗളംപറമ്പ് വാർഡ് 28 | 25,000 | J-M101100-24000502/02.08.2024 |
| 7 | ബീക്കുട്ടി W/Oതേനു, വാർഡ് 29 | 25,000 | J-M101100-24000661/21.02.2025 |
| 8 | ബീക്കുട്ടി കല്ലുവെട്ടുപറമ്പിൽ, വാർഡ് 32 (റഫീഖ് കെ.പി) | 25,000 | J-M101100-24000661/21.02.2025 |

മേൽ ഗുണഭോക്താക്കൾ വീട് റിപ്പയർ പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇല്ലെങ്കിൽ വീട് റിപ്പയർ പൂർത്തീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ക്രമ നം.1, 2 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡു ക്ലെയിം ചെയ്തിട്ടുണ്ടെന്നും, ക്രമ നം.3 മുതൽ 8 വരെയുള്ള ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം.13/24-25/21.01.2026ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 പട്ടികജാതി വിഭാഗക്കാർക്ക് PVC വാട്ടർ ടാങ്ക് – പ്രൊക്വയർമെന്റ് അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 275/25 പട്ടികജാതി വിഭാഗക്കാർക്ക് PVC വാട്ടർ ടാങ്ക് (So) |
| അടങ്കൽ/ചെലവ് തുക | 880000 (660000-SCP, 220000-ഗുണഭോക്തൃവിഹിതം) |
| ബിൽ/വൗച്ചർ നം. തീയതി | J-M101100-24000441/21.11.2024, 300000<br>J-M101100-24000492/21.11.2024, 300000<br>J-M101100-24000462/24.03.2025, 60000<br>P-M101100-2400787/23.01.2025, 200000<br>P-M101100-24001118/31.03.2025, 20000 |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ |

പട്ടികജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് വിതരണം എന്ന മേൽ പദ്ധതി പ്രകാരം 75% സബ്സിഡിയിൽ 4000രൂപ വിലയുള്ള 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് 220 എണ്ണം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) കൺസ്യൂമർ ഫെഡിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി.

ജി.ഒ(പി) നം.07/19/എസ്.പി.ഡി തീയതി.26.04.2019 പ്രകാരം GeM ൽ ലഭ്യമായിട്ടുള്ള 25000/-രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeMൽ ലഭ്യമല്ലെങ്കിൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ ആയതിന്റെ കാരണം രേഖപ്പെടുത്തി ടെണ്ടർ നടപടിയിലൂടെ വാങ്ങാവുന്നതാണ്. കൂടാതെ, 5ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലിന് ഇ-പ്രൊക്വയർമെന്റ്/ ഇ-ടെണ്ടർ പാലിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട് (സ. ഉ (എം എസ്) നം. 13/2015/ ITD തീയതി. 12.05.2015 ). മേൽ പദ്ധതിയിൽ വാങ്ങൾ നടത്തിയപ്പോൾ പ്രസ്തുത നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

29.06.2024 ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർ ഫെഡ്) മുഖേന ടെണ്ടർ കൂടാതെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. കൺസ്യൂമർ ഫെഡിൽ നിന്ന് നിത്യോപയോഗ സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും മാത്രമാണ് ടെണ്ടർ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ കഴിയുന്നത്. എന്നാൽ വാട്ടർ ടാങ്ക് ടെണ്ടർ കൂടാതെ കൺസ്യൂമർ ഫെഡിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതിയുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

2) വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

കൺസ്യൂമർ ഫെഡിന് 4000രൂപ വിലയുള്ള വാട്ടർ ടാങ്ക് (Varsha Water Tank 500 Ltr, 3 Layer, White Colour 10 Years Warranty) സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ടെങ്കിലും വിതരണ ഏജൻസിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം കൺസ്യൂമർ ഫെഡ് 220 വാട്ടർ ടാങ്കുകൾ ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ഇൻവോയിസിൽ സ്റ്റോക്ക് എൻട്രി നടത്തി സ്റ്റോക്കിലെടുത്തിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർവ്വഹണ

ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ഇൻവോയിസ് നം. | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 7103/11/70/ 31.07.2024 | 200 | 4000 | 800000 |
| 290/11/7320/ 21.03.2025 | 20 | 4000 | 80000 |
| ആകെ | 220 | | 880000 |

അപാകതകൾ ശ്രദ്ധയിൽപെടുത്തി ഓഡിറ്റ് എൻക്വയറി (നം.19/24-25/22.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് പാലിക്കാതെ പ്രൊക്വയർമെന്റ് നടത്തിയതിനാൽ ചെലവ് തുക 880000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 കോക്ലിയാർ ഇംപ്ലാന്റേഷൻ – വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതി | കോക്ലിയാർ ഇംപ്ലാന്റേഷൻ പരിപാലന ചെലവ്(224/24-25) |
| അടങ്കൽ | 50000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 50000 (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ | J-M101100-24000541/27.12.24 RS 50000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

സ.ഉ. (കൈ) നം. 115/2022 തീ. 28.05.2022 (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ) ഖ. 7.1.2 (ബി)(2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റഡ് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ധനസഹായം നൽകാവുന്നതാണ്. ഇതിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച കുട്ടികളുടെ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ കുട്ടിക്കും 50,000/- രൂപ നിരക്കിലുള്ള തുകയും കുട്ടികളുടെ ലിസ്റ്റും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരളക്ക് കൈമാറേണ്ടതാണെന്നും വർഷാവസാനം തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് തദ്ദേശ സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഡിഎ1/284/2023 തസ്വഭവ തിയതി 09.11.2023 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം ആദി ദേവ് K P, S/O വിനോദ് കെ പി, കൊഴിഞ്ഞിൽ പറമ്പിൽ ഹൗസ്, വളാഞ്ചേരി എന്ന വിദ്യാർത്ഥിക്ക് ആകെ 50000/- രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുണ്ട്. ആയതിൽ 16083 രൂപയുടെ വിനിയോഗ വിവരം മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 33917 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 21/23.01.26ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-37 PMAY(നഗരം)/ലൈഫ് ഭവന പദ്ധതി– ധാരാളം ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

PMAY(നഗരം)/ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, സെക്ഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതിയുടെ വിവിധ ഡി.പി.ആർ ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ പല ഗഡു ആനുകൂല്യം കൈപ്പറ്റിയിട്ടും നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| DPR | അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | എഗ്രിമെന്റ് വെച്ച് ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | ഗഡു മൂന്നാം കൈപ്പറ്റിയവരുടെ എണ്ണം | നാലാം ഗഡു കൈപ്പറ്റിവീട് നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | ഗഡു വീട് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം (3-6) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| DPR-1 (2017-18) | 198 | 198 | 198 | 195 | 189 | 9 |
| DPR-2 (2017-18) | 51 | 51 | 50 | 50 | 49 | 2 |
| DPR-3 (2017-18) | 61 | 61 | 61 | 60 | 58 | 3 |
| DPR-4 (2017-18) | 23 | 23 | 23 | 23 | 22 | 1 |
| DPR-5 (2021-22) | 53 | 53 | 51 | 50 | 45 | 8 |

| | | | | | | |
|---|---|---|---|---|---|---|
| DPR-6 (2021-22) | 81 | 79 | 78 | 75 | 58 | 21 |
| DPR-7 (2022-23) | 69 | 67 | 65 | 62 | 54 | 13 |
| DPR-8 (2023-24) | 33 | 32 | 27 | 11 | 3 | 29 |
| DPR-9 (2023-24) | 28 | 27 | 24 | 21 | 5 | 22 |
| ആകെ | 597 | 591 | 577 | 547 | 483 | 108 |

| | Foundation Pending | Roof Pending | Completion Pending | Total Pending |
|---|---|---|---|---|
| DPR-1 (2017-18) | 0 | 3 | 6 | 9 |
| DPR-2 (2017-18) | 1 | 0 | 1 | 2 |
| DPR-3 (2017-18) | 0 | 1 | 2 | 3 |
| DPR-4 (2017-18) | 0 | 0 | 1 | 1 |
| DPR-5 (2021-22) | 2 | 1 | 5 | 8 |
| DPR-6 (2021-22) | 1 | 3 | 17 | 21 |
| DPR-7 (2022-23) | 2 | 3 | 8 | 13 |
| DPR-8 (2023-24) | 5 | 16 | 8 | 29 |
| DPR-9 (2023-24) | 3 | 3 | 16 | 22 |
| ആകെ | 14 | 30 | 64 | 108 |

1) നഗരസഭയുമായി കരാറിലേർപ്പെട്ട് ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ 108 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കാരണം അറിയിക്കേണ്ടതാണ്.

2) DPR 1,2,3,4ൽ ഉൾപ്പെട്ടതും 2017-18 ൽ കരാർ വച്ചതുമായ ഗുണഭോക്താക്കളിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായ 15 ഗുണഭോക്താക്കൾ ഉണ്ട്.

വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/24-25/24.01.2026) താഴെ പറയുന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ N0.9534/N/2023/KSHO/06.12.2025 കത്ത് പ്രകാരം DPR.1 മുതൽ DPR.9 വരെയുള്ള PMAY ഗുണഭോക്താക്കളിൽ നഗരസഭയുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ നഗരസഭയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ യോഗം വിളിച്ച് കൂട്ടുകയും റൂഫ് ലെവലിൽ നിൽക്കുന്ന നിർമ്മാണം 2026 ജനുവരി 30 നകവും, ലിന്റൽ ലെവൽ നിൽക്കുന്നവ മാർച്ച് മാസത്തിന് മുമ്പായും, ഫൗണ്ടേഷൻ ലെവൽ നിൽക്കുന്നവ ജൂണിന് മുമ്പായും പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, വീട് നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ച് പദ്ധതിയിൽ നിന്നും ഒഴിവാകുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, നിലവിൽ സൈറ്റ് പരിശോധിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ടെന്നും അറിയിച്ചു.

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും നിർമ്മാണം സംബന്ധിച്ച് മേൽ മറുപടിയിലുള്ള തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-38 NULM ഫണ്ട് – ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്.

ദേശീയ നഗര ഉപജീവന മിഷൻ (NULM) ഫണ്ട് കുടുംബശ്രീ NULM സ്റ്റേറ്റ് അക്കൗണ്ടിൽ നിന്നും നഗരസഭയുടെ അക്കൗണ്ടിലേക്ക് 2024-25 വർഷത്തിൽ ലഭിച്ച 159793/-രൂപ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കുടുംബശ്രീ സി.ഡി.എസിന്റെ

അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം. | തുക | റിമാർക്സ് |
|---|---|---|---|
| 1 | P-M101100-24000403/24.09.2024 | 10893 | GOT, EDP പരിശീലനം ചെലവ് തുക |
| 2 | P-M101100-24000752/15.01.2025 | 148900 | NULM പദ്ധതി റിസോഴ്സ് ഓർഗനൈസേഷൻ ആയി ചുമതലപ്പെടുത്തിയ സി.ഡി.എസുകൾക്ക് അവർ പൂർത്തിയാക്കിയ പ്രവത്തികൾക്ക് ധനസഹായം നൽകുന്നത്. |
| | ആകെ | 159793 | |

മേൽ തുകകളുടെ ചെലവ് വൗച്ചറുകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം.40/24-25/27.01.2026 മുഖേന ആവശ്യപ്പെട്ടതിൽ ക്രമ നം.1 പ്രകാരമുള്ള ചെലവ് രേഖകളും, ക്രമ നം.2 പ്രകാരം നൽകിയ തുകയിൽ 32000/-രൂപയുടെ ചെലവ് രേഖകളും മാത്രമാണ് കുടുംബശ്രീ സി.ഡി.എസിൽ നിന്നും പരിശോധക്ക് ലഭ്യമാക്കിയത്. 116900/-രൂപയുടെ (159793-42893) ചെലവ് രേഖകൾ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നത് വരെ 116900/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 71/25, വിദ്യാർത്ഥികൾക്ക് ലാപ്ടോപ് -പട്ടികജാതി വിഭാഗം |
| അടങ്കൽ/ചെലവ് തുക. | 8,84,000 (വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ/തിയ്യതി. | 24150847003301704617/25.03.2025 |

പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം ജെം മുഖേന Legentary Distributors, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും 26 ലാപ്ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ഇൻവോയിസ് നം.MLP/900258/2425/25.03.2025)

പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ) , എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് അനുവദിക്കാവുന്നത്.

എന്നാൽ Deploma In Data Entry Techniques & Office Automation എന്ന ഏകവർഷ കോഴ്സിന് പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചതായി കാണുന്നു. പ്രസ്തുത കോഴ്സ് കംപ്യൂട്ടർ ഡിപ്ലോമ കോഴ്സിൽ ഉൾപ്പെടുന്നില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും. | കോഴ്സ്, സ്ഥാപനം |
|---|---|---|
| 1. | സജിനി.ടി.എ ,W/O രവീന്ദ്രൻ, കോട്ടാട്ടുകുഴി, കാട്ടിപ്പരുത്തി, വളാഞ്ചേരി | Deploma In Data Entry Techniques & Office Automation,IHRD Cntre, Valanchery |
| 2 | അമൃത.എം, D/Oസുരേഷ് .എം,മുണ്ടുവാട്ടിൽ ഹൗസ്, തോളവന്നൂർ | Deploma In Data Entry Techniques & Office Automation,IHRD Cntre, Valanchery |

2) ഇൻവോയിസ് പ്രകാരം വാങ്ങിയ ലാപ്ടോപുകൾ ഇൻവോയിസിൽ സ്റ്റോക്ക് എൻട്രി നടത്തി സ്റ്റോക്കിലെടുത്തിട്ടില്ല. ലാപ്ടോപുകളുടെ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ) , എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളതിനാലാണ് പ്രസ്തുത വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ചതെന്നും, അറിവില്ലായ്മ മൂലമാണ് തെറ്റ് സംഭവിച്ചതെന്നും, സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി വരുന്നുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറി നം.07/23-24/21.01.2025ന് മറുപടി ലഭ്യമാക്കിയത്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. യഥാസമയം യഥാസമയം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിലുള്ള വീഴ്ച ഭരണതലത്തിൽ പരിശോധിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-40 കൗൺസിൽ മിനിട്സ് – യോഗനടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല

1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിൽ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 14 പ്രകാരം കൗൺസിൽ യോഗം കഴിഞ്ഞാൽ യോഗ മിനട്സിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കേണ്ടതും യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. അദ്ധ്യക്ഷൻ ആയത് അംഗീകരിച്ച് 24മണിക്കൂറിനുള്ളിൽ സെക്രട്ടറിക്ക് തിരിച്ചയക്കേണ്ടതും, അദ്ധ്യക്ഷൻ അംഗീകരിച്ചാൽ 48 മണിക്കൂറിനുള്ളിൽ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും ആയത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ വളാഞ്ചേരി നഗരസഭയുടെ സകർമ്മ സോഫ്റ്റ് വെയറിലെ മിനട്സ് പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ കൗൺസിൽ അംഗീകരിച്ച പല യോഗമിനിട്ട്സുകളും സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നഗരസഭ കൗൺസിൽ കൂടിയ തിയതി | മിനിട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി. | മിനിട്സ് അധ്യക്ഷൻ അംഗീകരിച്ച തീയതി. |
|---|---|---|
| 18.07.2024 | 30.07.2024 | 31.07.2024 |
| 31.07.2024 | 31.08.2024 | 31.08.2024 |
| 10.09.2024 | 23.09.2024 | 23.09.2024 |
| 15.11.2024 | 18.12.2024 | 18.12.2024 |
| 29.11.2024 | 04.01.2025 | 04.01.2025 |
| 26.12.2024 | 07.02.2015 | 07.02.2015 |
| 07.02.2025 | 22.04.2025 | 22.04.2025 |
| 06.03.2025 | 15.04.2025 | 15.04.2025 |
| 27.03.2025 | 15.04.2025 | 28.04.2025 |

ഓഡിറ്റ് എൻക്വയറി നം.35/24-25/24.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

തുടർന്നുള്ള മീറ്റിംഗ് നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ഭിന്നശേഷി സ്കോളർഷിപ്-ഉല്ലാസയാത്ര നടത്തിയവർക്ക് യാത്രാബത്ത ഇനത്തിൽ തുക അനുവദിച്ചു

1.

| | |
|---|---|
| പദ്ധതി | ഭിന്ന ശേഷിക്കാരുടെ വിനോദയാത്ര(224/24-25) |
| അടങ്കൽ | 64202(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 64202 (വികസന ഫണ്ട്-ജനറൽ) |
| വൗച്ചർ നമ്പർ | J-M101100-24000650/10.03.25 RS 64202 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

2.

| | |
|---|---|
| പദ്ധതി | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്(124/24-25) |
| അടങ്കൽ | 3391400(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 3391400 (വികസന ഫണ്ട്-ജനറൽ) |
| വൗച്ചർ നമ്പർ | 1. J-M101100-24000563 /10.02.25 RS 486300<br>2. J-M101100-24000445/10.03.25 RS 430100<br>3. J-M101100-24000636 /10.03.25 RS 450000 |

A

| | |
|---|---|
| | 4. J-M101100-24000691/18.03.25 RS 485300<br>5. J-M101100-24000667/18.03.25 RS 438300<br>6.J-M101100-24000446 /19.03.25 RS 285000<br>7. J-M101100-24000530/19.03.25 RS 336000<br>8. J-M101100-24000429/24.03.25 RS 343900<br>9. J-M101100-24000467/25.03.25 RS 96000<br>10. J-M101100-24000455/25.03.25 RS 40500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

സ.ഉ. (കൈ) നം. 115/2022 തീ. 28.05.2022 (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ) ഖ. 7.1.6 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ (പ്രതിമാസം-1000, വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം)-1500, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾ - വാർഷിക ബത്ത-2000, ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) 1000, ഉല്ലാസ യാത്രാ പര്യടനം മുതലായവയ്ക്കുള്ള രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ 1000 എന്നിങ്ങനെ) ആകെ 28500 രൂപ അനുവദിക്കാവുന്നതാണ്. ക്രമ നമ്പർ 1 പദ്ധതി പ്രകാരം ഭിന്ന ശേഷിക്കാരുടെ വിനോദയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. ടി വിനോദയാത്രയിൽ പങ്കെടുത്തവർക്കും സ്കോളർഷിപ്പ് ഇനത്തിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർഥിയുടെ പേര് | അനുവദിച്ച തുക | ബിൽ/വൗച്ചർ നമ്പർ |
|---|---|---|---|
| 1. | മുഹമ്മദ് ഷിബിലി, D/O സാബിറ | 28500 | J-M101100-24000667/ 18.03.25RS 28500 |
| 2. | അഭിനന്ദ് വി.കെ D/O സുധീഷ് വി കെ | 28500 | J-M101100-24000563 /10.02.25 RS 28500 |
| 3. | മുഹമ്മദ് സാബിക്ക് D/O ഷക്കീന | 28500 | J-M101100-24000563 /10.02.25 RS 28500 |

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-22/23.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-42 അംഗനവാടികൾക്ക് മിക്സർ ഗ്രൈന്റർ വാങ്ങൽ - അപാകതകൾ

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി: - 132/25, അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

അടങ്കൽ- 700000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 587571.

വൗച്ചർ നം. 1. J-M101100-24000495 /30.10.24 RS 453271

2.J-M101100-24000497 /18.03.25 RS 134300

| ഉപകരണം | എണ്ണം | ടാക്സ് ഉൾപ്പടെ ഒരെണ്ണം വില | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| PIGEON MIXER GRINDER ORB-7 | 34 | 3950 | 134300 |

മേൽ പദ്ധതി പ്രകാരം വിവിധ അങ്കണവാടികളിലേക്ക് ഫർണ്ണിച്ചർ, മിക്സർ ഗ്രൈന്റർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ക്രമ നമ്പർ 2 പ്രകാരം (ഇൻവോയ്സ് നമ്പർ-290/11/7240 തിയതി 12.03.2025 RS 134300)മിക്സർ ഗ്രൈന്റർ വാങ്ങി നൽകിയ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ(പി) നം.07/19/എസ്.പി.ഡി തീയ്യതി.26.04.2019 പ്രകാരം GeM ൽ ലഭ്യമായിട്ടുള്ള 25000/-രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeMൽ ലഭ്യമല്ലെങ്കിൽ ആയതിന്റെ കാരണം രേഖപ്പെടുത്തി ടെണ്ടർ നടപടിയിലൂടെ വാങ്ങാവുന്നതാണ്. 7.02.2025 ലെ 3ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കൺസ്യൂമർഫെഡിൽ നിന്നും നേരിട്ട് മിക്സി വാങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ Input Volt -220/230V, Output Power-750 Watts, Running Time -30 Mts, Current Rating-3.5 Amps, No Of Jars 3 എന്നി സ്പെസിഫിക്കേഷനിലുള്ള മിക്സി വിതരണം ചെയ്യാൻ 22.02.24 ന് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കൺസ്യൂമർ ഫെഡിൽ നിന്ന് നിത്യോപയോഗ സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും മാത്രമാണ് ടെണ്ടർ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ കഴിയുന്നത്. എന്നാൽ മിക്സി ടെണ്ടർ കൂടാതെ കൺസ്യൂമർ ഫെഡിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതിയുള്ള സർക്കാർ ഉത്തരവ് പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2) മേൽ ഉപകരണങ്ങൾ ഇഷ്യൂ ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം ചെയ്ത ഉപകരണങ്ങളുടെ ഇൻവോയ്സ്, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിൽ എടുത്തിട്ടില്ല. കൂടാതെ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിലും സ്റ്റോക്കിലെടുത്തത് സംബന്ധിച്ച രേഖയില്ല.

3) പർച്ചേസ് ഓർഡർ പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് ലഭ്യമായിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ (നം.23/23.01.2026) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിനാൽ ചെലവ് തുക 134300/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | 441/2025, നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. |
| ഫണ്ട്/അടങ്കൽ | ഹെൽത്ത് ഗ്രാന്റ് -2702535 |
| ചെലവ് | ഹെൽത്ത് ഗ്രാന്റ് -1636297 |
| വൗച്ചർ നമ്പർ / തിയ്യതി | P-M10110O-24000794 23.01.2025 RS 1000000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

മേൽ പ്രൊജക്ട് പ്രകാരം 1000000 രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന്റെ 9913000100034916 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1000000/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ-52/24-25/28.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-44 പി.എച്ച്.സി.യിലേക്ക് മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 60/2025 പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | വികസന ഫണ്ട് ജനറൽ-250000 |
| ചെലവ് | വികസന ഫണ്ട് ജനറൽ-249996 |
| വൗച്ചർ നമ്പർ / തിയ്യതി | J-M101100-24000673 /16.12.2024 RS 249996 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊഫോർമ | 1. PRF 1213/18.09.2024 RS 249996 |

| | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | |

മേൽ പ്രൊജക്ട് പ്രകാരം പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 249996/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 65669/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ചതിന്റെ വിവരം .PRF 1213/18.09.2024 | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 256/26.04.2025 | 65669 |
| ആകെ | 65669 |

അവശേഷിക്കുന്ന 184327/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രൊജക്ട് | 47/2025, പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | MG-NR-1000000 |
| ചെലവ് | MG-NR-999989 |
| വൗച്ചർ നമ്പർ / തിയ്യതി | J-M101100-24000643 /28.09.2024 RS 600000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | 1. PRF 1212/18.09.2024 RS 600000 |

മേൽ പ്രൊജക്ട് പ്രകാരം പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 600000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 245212/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ചതിന്റെ വിവരം .PRF 1212/18.09.2024 | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 2566/26.11.2025 | 123874 |
| 976/17.06.2025 | 121338 |
| ആകെ | 245212 |

അവശേഷിക്കുന്ന 354788/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രൊജക്ട് | 40/2025, പരിരക്ഷ |
| ഫണ്ട്/അടങ്കൽ | വികസന ഫണ്ട് ജനറൽ-699672 തനത് ഫണ്ട്-230000 |
| ചെലവ് | വികസന ഫണ്ട് ജനറൽ-699672 തനത് ഫണ്ട്-188302 |
| വൗച്ചർ നമ്പർ / തിയ്യതി | J-M101100-24000598 /24.01.2025 RS 200000 |

AIMS

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | 1. PRF 2913/13.01.2025 RS 200000 |

മരുന്ന് ലഭിച്ചതിന്റെ വിവരം .PRF 1212/18.09.2024

| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
|---|---|
| 2565/26.11.2025 | 74325 |
| 1274/10.07.2025 | 52295 |
| ആകെ | 126620 |

അവശേഷിക്കുന്ന 73380/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രൊജക്ടിൽ ആകെ 612495 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ബന്ധപ്പെട്ട രേഖകൾ, സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-53/28.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-45 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ IFTE&OS ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കെ സ്മാർട്ടിൽ നിന്നും ലഭ്യമായ 2024-25 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ റിപ്പോർട്ട്, 2024-2025 വർഷത്തെ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 13/440,441 | നീതി ലാബ് |
| 2 | 8/1466 | മോഡേൺ ഇലക്ട്രോ ഹോമിയോപതി ക്ലിനിക് |
| 3 | 8/514 | ഡെന്റ് ഒ കെയർ ഡെന്റൽ ക്ലിനിക് |
| 4 | 10/487 A | അഡ്വാൻസ് മെഡിക്കൽ സെന്റർ |
| 5 | 13/432,433 | ജന നൻമ സ്പെഷ്യാലിറ്റി ലബോറട്ടറി |
| 6 | 13/459-461,465-472,474-489 | നടക്കാവിൽ ഹോസ്പിറ്റൽ |
| 7 | 14/1586,1587 | മലബാർ ഡയഗ്നോസ്റ്റിക് സെന്റർ |
| 8 | 16/500-210 | ലൈഫ് നഴ്സിംഗ് ഹോം |
| 9 | 18/1006 | ചച്ചൂസ് ശ്രീധന്യം ഡെന്റൽ ക്ലിനിക് |
| 10 | 18/1009 | ചച്ചൂസ് ശ്രീധന്യം ക്ലിനിക് |
| 11 | 18/1007 A | ചച്ചൂസ് ശ്രീധന്യം ലബോറട്ടറി |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.48/2024-25/28.01.2026) മറുപടി ലഭിച്ചില്ല . രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. IFTE&OS ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 വാടക അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (2) (എ) പ്രകാരം മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകാവുന്നതും [നിർണ്ണയിക്കപ്പെട്ട രീതിയിൽ] അവയുടെ ഉപയോഗത്തിനും കൈവശത്തിനും അതു നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്.

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയതുമായി ബന്ധപ്പെട്ട 2024-2025 വാടക രജിസ്റ്റർ,അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

ലഭ്യമാക്കിയ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിലെ വാടക ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമ | റൂം നമ്പർ | 2024-25 വർഷത്തേക്കുള്ള വാടക നിരക്ക് | 24-25 വർഷത്തെ കടിശ്ശിക (Gst ഒഴികെ) |
|---|---|---|---|---|
| 1 | മുഹമ്മദ് റിയാസ് കൈപ്പടത്ത് | G2 | 13753 | 82518 (10/24 - 03/25) |
| 2 | ശ്രീ. എ കെ ഇബ്രാഹിം | G17 | 15162 | 181944 (04/24-03/25) |
| 3 | ശ്രീ. കുരിത്തൊടി അലവി | G23 | 11688 | 105192 (07/24-03/25) |
| 4 | ശ്രീ. വി പി അയ്യപ്പൻ | G35 | 5389 | 64668(04/24-03/25) |
| 5 | ശ്രീ. സി.ശശികുമാർ | F3 | 7316 | 14632 (02/25-03/25) |
| 6 | ശ്രീ.അബ്ദുൾ സലാം | F10 | 4128 | 49536(04/24-03/25) |
| 7 | ശ്രീ. സൈതാലിക്കുട്ടി കുത്തുകല്ലിങ്ങൾ | F16 | 1541 | 18492(04/24-03/25) |
| 8 | ശ്രീ. അയൂബ് വി | F27 | 1964 | 23568 (04/24-03/25) |
| 9 | ശ്രീ. വി.അബ്ബാസ് അലി | F30 | 1696 | 20352(04/24-03/25) |
| 10 | ശ്രീ.ഷബീർ കെ.കെ | F37 | 1628 | 19536 (04/24-03/25) |
| 11 | ശ്രീ. കെ ബി മുഹമ്മദ് അബ്ദുറഹിമാൻ ഹാജി | F39 | 3930 | 47160 (04/24-03/25) |
| 12 | ശ്രീ. കെ ബി മുഹമ്മദ് അബ്ദുറഹിമാൻ ഹാജി | F40 | 3930 | 47160 (04/24-03/25) |
| 13 | ടഷറി | S1 | വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല | പ്രത്യേകം ഖണ്ഡികയായി ചേർത്തിട്ടുണ്ട്. |
| 14 | മുഹമ്മദ് മുസ്തഫ | S7 | 840 | 10080(04/24-03/25) |
| 15 | ശ്രീ. കെ ബി മുഹമ്മദ് അബ്ദുറഹിമാൻ ഹാജി | S14 | 1967 | 23604(04/24-03/25) |

B) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കാവുംപുറത്തെ കെട്ടിടത്തിലെ താഴെ പറയുന്ന റൂമുകളിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | 2024-25 വർഷത്തെ വാടക | 2024-25 വർഷത്തെ കടിശ്ശിക |
|---|---|---|---|---|
| 1 | ശ്രീ. നസീറലി, പാറയ്ക്കൽ | KVPM-1 | 12*2592 | 31104 |
| 2 | ശ്രീ. നസീറലി, പാറയ്ക്കൽ | KVPM-2 | 12*1295 | 15540 |
| 3 | ശ്രീ. കമറുദ്ദീൻ പാറക്കൽ | KVPM-3 | 12*903 | 10836 |
| 4 | ശ്രീ. കമറുദ്ദീൻ പാറക്കൽ | KVPM-4 | 2*2103 | 4206 |

RR-

മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും കടിശിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്./ വാടക (കടിശ്ശിക ഉൾപ്പെടെ) ലഭ്യമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2. ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ - സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിൽ താഴെ ചേർത്തിരിക്കുന്ന റൂമുകൾ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു.

| ക്രമ നം | റൂം നമ്പർ |
|---|---|
| 1 | G-26 |
| 2 | G-27 |
| 3 | G-34 |
| 4 | F-8 |
| 5 | F- 12 |
| 6 | F-20 |
| 7 | F- 23 |
| 8 | F-24 |
| 9 | F-28 |
| 10 | F-29 |
| 11 | F-35 |

AIMS

| | |
|---|---|
| 12 | F-38 |
| 13 | S-2 |
| 14 | S-8 |
| 15 | S-9 |
| 16 | S-11 |
| 17 | S-16 |
| 18 | S-17 |
| 19 | S-18 |

ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്ത് വാടകക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

3. ബൈലോ തയാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയില്ല.

29.08.2022 ലെ 9 നമ്പർ കൗൺസിൽ തീരുമാന പ്രകാരം മുനിസിപ്പാലിറ്റിയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ നഗരസഭ അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചെങ്കിലും നാളിത് വരെ സർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

4. രജിസ്റ്റർ പൂർണമല്ല.

വാടകയുടെ ഡിമാന്റ് രജിസ്റ്ററിൽ വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമൂലം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയിനത്തിലെ വരവ്, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. രജിസ്റ്ററിൽ ഡി. സി. ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വാടക കുടിശ്ശിക രജിസ്റ്റർ പൂർണമല്ലാത്തതിനാൽ ഏതെല്ലാം വാടകക്കാർ ഏതെല്ലാം കാലയളവിൽ എത്ര തുക വാടക കുടിശ്ശിക ഒടുക്കാനുണ്ട് എന്ന് വ്യക്തമല്ല. 2024-25 വർഷം വാടക കുടിശ്ശികയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങളും രജിസ്റ്ററിൽ ഇല്ല. വാടകകുടിശിക വിശദാംശം സൂക്ഷിക്കാതെ തുടരുന്നത് നികുതിയേതര വരുമാനം നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നതാണ്. വാടക കുടിശ്ശിക രജിസ്റ്റർ പൂർണമല്ലാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5. വാടക കരാർ പൂർണമല്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ ഉപവകുപ്പ് (3) പ്രകാരം ഒരു കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ മൂല്യമുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടായിരിക്കേണ്ടതാണ്. ലഭ്യമാക്കിയ കരാറുകൾ പരിശോധിച്ചതിൽ കരാറുകൾ പൂർണ്ണമല്ല. കരാർ കാലയളവ്, വാടക നിരക്ക് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറിയോ വാടകക്കാരനോ ഒപ്പ് വെച്ചിട്ടില്ല.

6. വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ , വാടകയിൽ വാർഷിക വർദ്ധനവ് ചെയ്യുന്നതിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ആനുപാതിക വർദ്ധനവ് നടത്തുന്നുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

7. വാടകക്ക് നൽകുന്ന റൂമുകൾ അനധികൃതമായി കൈമാറ്റം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ നഗരസഭ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/27.01.2026) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-47 ലൈസൻസില്ലാതെ തിയേറ്ററുകൾ പ്രവർത്തിക്കുന്നു.

കേരള സിനിമ(റെഗുലേഷൻ) ആക്റ്റ്, 1958 വകുപ്പ് 3, വകുപ്പ് 4 എന്നിവ പ്രകാരം സെക്രട്ടറിയുടെ ലൈസൻസ് ഇല്ലാതെ ഒരു സ്ഥലത്ത് സിനിമാ തിയേറ്ററുകൾ നിർമ്മിക്കുകയോ സിനിമാ പ്രദർശനം നടത്തുകയോ ചെയ്യാവുന്നതല്ല.2024-2025 വിനോദ നികുതി രജിസ്റ്റർ പ്രകാരം നഗരസഭയിൽ പോപ്പുലർ ഫിലിം സിറ്റി സ്ക്രീൻ 1,2,3 പവിത്ര തിയേറ്റർ,ശ്രീകുമാർ തിയേറ്റർ, പോപ്പുലർ പാരഡൈസ്, കാർത്തിക മൂവീസ്, കാർത്തിക ഫിലിം സിറ്റി സ്ക്രീൻ 1 &2 എന്നീ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വാർഷിക കണക്ക് റസീപ്റ്റ് & പെയ്മന്റ് സ്റ്റേറ്റ്മെന്റ് R4 ഷെഡ്യൂൾ പ്രകാരം ഈയിനത്തിൽ 2000 രൂപയാണ് വരവുള്ളത്. (പവിത്ര തിയേറ്റർ, ശ്രീകുമാർ തിയേറ്റർ) മറ്റ് തീയേറ്ററുകൾക്ക് 2024-25 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന തിയേറ്ററുകൾക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 51/28.01.2026) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

PPR

## 1-48 ലേലത്തുക അടവാക്കാൻ അവശേഷിക്കുന്നു.

നഗരസഭാ ഉടമസ്ഥതയിലുള്ള വേളികുളത്തുള്ള കമ്യൂണിറ്റി പാർക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനായി 21.06.2024 ന് നടത്തിയ ലേലനടപടിയിൽ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അബ്ദുൽ ഷാഫി പി പി എന്നവരുടെ 251000 രൂപ യുടെ ക്വട്ടേഷന് അംഗീകാരം നൽകി തീരുമാനിച്ചിട്ടുണ്ട്.(29.06.2024 ലെ 5ാം നമ്പർ കൗൺസിൽ തീരുമാനം) .മേൽ വ്യക്തിയുമായി

നടത്തിയ കരാറിൽ 16.11.2024 നിബന്ധന 5 പ്രകാരം തുക 4 തുല്യ ഗഡുക്കളായി 28.02.2025 ന് മുൻപ് അടവാക്കേണ്ടതാണ്.തുക അടവാക്കുന്നതിന് വീഴ്ച വരുത്തിയാൽ വൈകുന്ന കാലത്തേക്ക് നിയമാനുസൃത പിഴപ്പലിശ അടവാക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെ 125500 രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. 125500 രൂപ അടവാക്കാൻ അവശേഷിക്കുന്നു.

തുക പൂർണ്ണമായും അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലായെങ്കിൽ തുക ഈടാക്കാത്തതിന് കാരണവും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 49/28.01.26) ശ്രീ. അബ്ദുൽ ഷാഫി പി പി എന്നവരോട് ലേല കുടിശ്ശിക തുക അടവാക്കാൻ ആവശ്യപ്പെട്ട് 17.07.25, 17.09.25, 29.12.25 തിയതികളിൽ നോട്ടീസ് നൽകിയിട്ടുള്ളതാണ് എന്ന് മറുപടി ലഭ്യമാക്കി. കുടിശ്ശിക തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-49 നഗരസഭാ ഫണ്ട് സഹകരണ ബാങ്കിൽ സൂക്ഷിക്കുന്നു

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17 (2) പ്രകാരം നഗരസഭാ ഫണ്ട് ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ ആണ് നിക്ഷേപിക്കേണ്ടത്. എന്നാൽ നഗരസഭ തനത് ഫണ്ട് സഹകരണ ബാങ്കിലാണ് (വളാഞ്ചേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക്) നിക്ഷേപിച്ചിട്ടുള്ളത്. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം വളാഞ്ചേരി സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ 31.03.2025 ൽ ആകെ 121116432 രൂപ സ്ഥിരനിക്ഷേപമുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (63/29.01.2026) മറുപടി ലഭ്യമാക്കിയില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ ചട്ടവ്യവസ്ഥ പാലിക്കാൻ നടപടി സ്വീകരിക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്.

## 1-50 വാഹന വാടകയ്ക്ക് ആദായ നികുതി ഈടാക്കിയില്ല

| പ്രോജക്ട് അടങ്കൽ | | ചെലവ് |
|---|---|---|
| 40/2025, പരിരക്ഷ | വികസന ഫണ്ട് ജനറൽ-699672<br>തനത് ഫണ്ട്-230000 | വികസന ഫണ്ട് ജനറൽ-699672<br>തനത് ഫണ്ട്-188302 |

| വൗച്ചർ നമ്പർ | അനുവദിച്ച തുക |
|---|---|
| 1. J-M 101100-24000649/20.07.2024 | 44850 |
| 2. J-M 101100-24000547/02.08.2024 | 23000 |
| 3. J-M 101100-24000729/27.09.2024 | 23000 |
| 4. J-M 101100-24000630/10.09.2024 | 23000 |
| 5. P-M 101100-24000402/24.09.2024 | 23000 |
| 6. J-M101100-24000526 /18.12.2024 | 23000 |
| 7. J-M 101100-24000589/21.01.2025 | 24150 |
| 8. J-M101100-24000421 /22.02.2025 | 23000 |
| 9. P-M 101100-24001110/30.03.2025 | 19550 |
| 10. P-M101100-24001113 /30.03.2025 | 23000 |
| ആകെ | 249550 |

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയറിന് വാഹന വാടകയിനത്തിൽ വാഹനയുടമ ശ്രീ. ബഷീർ എ എം എന്നവർക്ക് മുകളിൽ പറയും പ്രകാരം തുക അനുവദിച്ചതിൽ 1% ആദായ നികുതി 2496 രൂപ ഈടാക്കിയിട്ടില്ല.

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 C പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്ടർമാർക്ക് നൽകുന്ന തുക പ്രതിവർഷം 1,00,000/- രൂപയിൽ കൂടുമ്പോൾ അവ PAN CARD സമർപ്പിച്ചിട്ടുണ്ടെങ്കിൽ 1% ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 20% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ-54/28.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി നൽകേണ്ടതാണ്. ആദായനികുതി വകുപ്പിന് TDS നടത്താത്ത വ്യക്തികൾക്ക് എതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കാം എന്നിരിക്കെ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-51 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകത താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും | നിർവ്വഹണ ഉദ്യോഗ | സുലേഖ പ്രകാരമുള്ള | യഥാർത്ഥ ചെലവ് | വ്യത്യാസം. |
|---|---|---|---|---|---|

| | നമ്പറും | സ്ഥാൻ | ചെലവ് | | |
|---|---|---|---|---|---|
| | | | വികസന ഫണ്ട് | വികസന ഫണ്ട് | |
| 1 | 40/2025, പരിരക്ഷ | മെഡിക്കൽ ഓഫീസർ | ജനറൽ-699672 തനത് ഫണ്ട്-188302 | ജനറൽ-699672 തനത് ഫണ്ട്-185210 | (+)3092 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 60/29.01.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-52 വളാഞ്ചേരി പി എച്ച് സി-ആശുപത്രി മാനേജിംഗ് കമ്മിറ്റി-വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയില്ല

വളാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2012-13 മുതൽ 2024-2025 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ നാളിതു വരെ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-55/28.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-53 റസീപ്റ്റ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച്

രസീത് ബുക്ക് ബാലൻസ് സ്റ്റോക്ക് പരിശോധിച്ചതിൽ, ആകെ 49 രസീത് ബുക്കുകൾ സ്റ്റോർ റൂമിൽ കാണാൻ സാധിച്ചു. രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ റസീപ്റ്റ് സ്റ്റോക്ക്, ഇഷ്യൂ ചെയ്ത ബുക്കുകളുടെ എണ്ണം, ബാലൻസ് എന്നിവ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം റസീപ്റ്റ് ബുക്ക് നമ്പർ 368,428,429,433,450,451 എന്നിവ ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ ഭൌതിക പരിശോധനയിൽ ഈ റസീപ്റ്റ് ബുക്കുകൾ സ്റ്റോർ റൂമിൽ ബാലൻസ് ഉണ്ട്. മേൽ അപാകതകൾക്ക് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (62/29.01.26) മറുപടി ലഭ്യമാക്കിയില്ല. രസീതികളുടെ ഉപയോഗത്തിൽ പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടാത്ത സാഹചര്യത്തിൽ സാമ്പത്തിക ക്രമക്കേടുകൾക്ക് സാധ്യതയുണ്ട്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-54 വളാഞ്ചേരി ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (സിദ്ധ) മാനേജിംഗ്കമ്മിറ്റി-AFS ലഭ്യമാക്കിയില്ല

വളാഞ്ചേരി ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (സിദ്ധ) മാനേജിംഗ്കമ്മിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-56/28.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-55 എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ -പൂർത്തീകരണ വിവരമില്ല

നഗരസഭയിലേക്ക് എൽ ഇ ഡി ലൈറ്റുകൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം പ്രൊജക്ട് രൂപീകരിക്കുകയും ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

ഫയൽ നമ്പർ 1643643-2024

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 294/25 എൽഇഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 2,42,487 (സിഎഫ് സി)<br>23,33,457 (തനത്) |
| ചെലവ് | 242487<br>2333457 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയിലെ കേടുവന്ന സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരത്തുനിന്നും താഴെ പറയും പ്രകാരം 986 എൽ ഇ ഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | സ്ട്രീറ്റ് ലൈറ്റ് | എണ്ണം | വില | ആകെ വില | ഇൻവോയ്സ് നമ്പർ/തിയതി | വൗച്ചർ തീയതി | നമ്പർ/ |
|---|---|---|---|---|---|---|---|
| 1 | എൽഇഡി സ്ട്രീറ്റ് ലൈറ്റ് 25w | 399 | 2214 | 8,83,386 | 240652/8.9.23 | | |
| | | | | 79,504.74(SGST)<br>79,504.74 (SGST) | | | |

| | | | | | |
|---|---|---|---|---|---|
| | | | | 1042395.48<br>(ആകെ)<br>10,42,395 (Rouded) | |
| 2 | എൽഇഡി സ്ട്രീറ്റ് ലൈറ്റ് 25w | 587 | 2214 | 12,99,618 | 241458/12.2.24 |
| | | | | 1,16,965.60 | |
| | | | | 1,16,965.60 | |
| | | | | 15,33,549.20 | |
| | | | | 15,33,549(rounded) | |
| | | ആകെ | | 25,75,944 | |
| | | | | 51,519 (IT) | |
| | | | | 25,759 (KBOCCW Board) | |
| | | | | 64,399 (Retension Secretary) | |
| | | | | 51,518 (GST) | |
| | | | | 21,40,262 (Keltron) | 24000503/17.10.24 |
| | | | | 2,42,487(Keltron) | 24000520/22.10.24 |

മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ്റ്റോക്ക് /വിതരണ രജിസ്റ്റർ ഹാജരാക്കിയില്ല.

2. പ്രവർത്തനക്ഷമമാക്കിയ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറുകൾ നഗരസഭ നിർവഹണ ഏജൻസിക്ക് നൽകിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4. പഴയ ലൈറ്റുകൾ (ബ്രാക്കറ്റ് ,ഹോൾഡർ) തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലെഗസി നോട്ട് 24 പ്രകാരം പഴയ ലൈറ്റുകൾ ലേലം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ലേലം ചെയ്ത വിവരം ലഭ്യമല്ല.

5. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് വാർഡിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011).

6. 986 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങിയത് ഇൻസ്റ്റാൾ ചെയ്തുവെന്ന് താൽക്കാലിക ഓവർസിയറുടെ റിപ്പോർട്ട് മാത്രമാണ് ഉള്ളത്. ഏതെല്ലാം വാർഡുകളിൽ എത്ര വീതം ലൈറ്റുകൾ ഫിറ്റ് ചെയ്തുവെന്ന് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമല്ല.

7. പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വാർഡ് തിരിച്ച്, ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. എല്ലാ വാർഡിലും നിലവിലുള്ള വിളക്കുകൾ (പ്രവർത്തിക്കുന്നതും/പ്രവർത്തിക്കാത്തതും) സംബന്ധിച്ചുള്ള മുഴുവൻ വിവരവും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

8.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതു സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

9. ഗ്യാരണ്ടി കാലയളവിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. എന്നാൽ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 45/28.1.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവ് തുക 25,75,944 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**1-56 ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ട്രഷറി ഓഫീസിന്റെ വാടക നാളിത് വരെ നഗരസഭയിൽ ഒടുക്കിയിട്ടില്ല.**

AIMS

വളാഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ എസ്-1 എന്ന കെട്ടിടത്തിൽ ജനുവരി 2004 മുതൽ വളാഞ്ചേരി സബ് ട്രഷറി ഓഫീസ് പ്രതിമാസ വാടകയിൽ പ്രവർത്തിച്ച് വരികയാണ്. കാട്ടിപ്പരുത്തി വില്ലേജ് ഓഫീസറുടെ ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് അനുസരിച്ച് PWD നിരക്ക് പ്രകാരം നഗരസഭ എഞ്ചിനീയർ നിശ്ചയിച്ച പ്രതിമാസ വാടക നിരക്ക് ബഹു. നഗരസഭ കൗൺസിലിന്റെ 18.11.2022 ലെ 22(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം 2004 മുതലുള്ള ട്രഷറിയുടെ പ്രതിമാസ വാടക 14116 രൂപയാണ്. ജനുവരി 2012 മുതൽ പ്രതിമാസ വാടക 17721 രൂപയും ജനുവരി 2017 മുതൽ പ്രതിമാസ വാടക 20827 രൂപയും ജനുവരി 2022 മുതൽ പ്രതിമാസ വാടക 26644 രൂപയും ആക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നാളിത് വരെ ട്രഷറി ഓഫീസിന്റെ വാടക നഗരസഭയിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല എന്ന് ഫയലിൽ നിന്നും മറ്റ് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായി.

നഗരസഭ സെക്രട്ടറി 27.09.2024 ന് ട്രഷറി ഓഫീസർക്ക് അയച്ച കത്ത് (ആർ 3/എ2-1774/98 തി. 27.09.2024) പ്രകാരം 01.01.2004 മുതൽ 30.09.2024 വരെയുള്ള കാലയളവിലെ വാടകയനത്തിൽ ഒടുക്ക് വരുത്തേണ്ട തുക കടിശ്ശികയടക്കം 1,48,81,384 രൂപയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 01.01.2004 മുതൽ 30.09.2024 വരെയുള്ള വാടക | 45,47,268 രൂപ |
| 01.01.2004 മുതൽ 30.09.2024 വരെ 2% നിരക്കിൽ ഫൈൻ | 99,73,414 രൂപ |
| 01.07.2017 മുതൽ 30.09.2024 വരെ 18% GST | 3,60,702 രൂപ |
| ആകെ | 1,48,81,384 രൂപ |

മേൽ കടിശ്ശിക തുക 1,48,81,384 രൂപ ഒരു മാസത്തിനകം നഗരസഭയിൽ അടവാക്കുന്നതിനും 01.10.2024 മുതൽ വാടക 26644+18% GST പ്രകാരമുള്ള തുക നഗരസഭയിൽ അടവാക്കുന്നതിനും മേൽ കത്ത് പ്രകാരം നിർദേശിച്ചിട്ടുണ്ട്. ഇതിൻമേൽ ലഭ്യമായതും സ്വീകരിച്ചതുമായ തുടർ നടപടി വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/27.1.26) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രഷറി ഓഫീസിന്റെ വാടക, കുടിശ്ശികയടക്കം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-57 KSWMP- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഇൻസ്പെക്ടർ

പ്രോജക്ട് - S0204/24

അടങ്കൽ - 26,95,161

ചെലവ് - 826996 (2024-25 ലെ ചെലവ്)

ഫണ്ട് - KSWMP (External Fund)

കരാർ - GeMC 511687712579018/23.9.23

വൗച്ചർ- J-M101100-24000602/31.8.24- 826996

വൗച്ചർ- J-M101100-22301859/14.3.24- 390000

വൗച്ചർ- J-M101100-22301858/14.3.24- 14160

വൗച്ചർ- J-M101100-22301857/14.3.24- 124740

വൗച്ചർ- J-M101100-22301843/14.12.23- 104165

എം.സി.എഫ് ലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന മെഷീനറികൾ , അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന് (GeM മുഖേനെ) 14,60,061 രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 6,33,065 രൂപയും 2024-25 വർഷത്തിൽ 826996 രൂപയുമാണ് മേൽ ബില്ലുകൾ പ്രകാരം പദ്ധതിക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ളത്.

| Item | Agency | Amount Invoice |
|---|---|---|
| Bailing Machine<br>Conveyor Belt<br>Weighing Machine<br>Sorting Table<br>(1 Nos) | Waste Handling Equipment Manufacturing Enterprises, Delhi | 826996 WHEMD/23-24/01/27.10.23 |

| | | | |
|---|---|---|---|
| Shredding Machine (1 Nos) | Waste Handling Equipment Manufacturing Enterprises, Delhi | 390000 | 2/22.12.23 |
| Fire Extinguisher (10 Nos) | Cochin Fire Tech, Ernakulam | 14160 | CP/848/13.10.23 |
| Uniform | Unique Traders, Meerut | 124740 | UT/23-24534/24.1.24 |
| Others (Rain Coat, Gum Boot, Hand Wash, Gloves, Mask, Etc | Venad Chemicals, Kollam | 104165 | 106/25.10.23 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1. 22.12.2023 ലെ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്തതും 390000 രൂപ ചെലവഴിച്ച് MCF ലേക്ക് വാങ്ങിയതുമായ Shredding Machine നാളിത് വരെ ഉപയോഗിക്കാതെ വെറുതെ കിടക്കുകയാണ്. (ഹരിതകർമ്മ സേന അംഗങ്ങളെ നേരിൽ കേട്ടു). അതുകൊണ്ട് തന്നെ ഉപകരണത്തിന്റെ സർവീസ് വാറന്റി ഉൾപ്പെടെയുള്ള സേവനങ്ങൾ ഇക്കാലയളവിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല.

2.ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയുടെ അവസാനത്തെ പേമെന്റ് (826996 രൂപ) അനുവദിച്ച കാണുന്നത് ഹെൽത്ത് സൂപ്പർവൈസർ ആണ്. ഒരു പദ്ധതിയിൽ 2 നിർവഹണ ഉദ്യോഗസ്ഥർ പേമെന്റ് നടത്തിയതിന് കാരണം വ്യക്തമല്ല.

3. Uniform ന് GeM ൽ ബിഡ് ചെയ്ത 2 കമ്പനികളിൽ കുറഞ്ഞ തുക (68310 രൂപ) ക്വാട്ട് ചെയ്ത Eagle Enterprises എന്ന സ്ഥാപനം പിന്നീട് ഈ തുകക്ക് യൂണിഫോം നല്കാൻ സാധിക്കില്ല എന്നറിയിച്ച് പിൻമാറിയപ്പോൾ രണ്ടാമത് കുറഞ്ഞ നിരക്ക് (124740 രൂപ) ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ (Unique Traders, Meerut) നിന്നും വാങ്ങാൻ 15.11.2023 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചു. വലിയ നിരക്ക് വ്യത്യാസമാണ് 2 സ്ഥാപനങ്ങളും തമ്മിലുള്ളത്. അതുകൊണ്ട് തന്നെ റീടെണ്ടർ ചെയ്യുന്നതിനോ, നെഗോസിയേഷൻ ചെയ്യുന്നതിനോ നടപടി സ്വീകരിക്കാതെ തീരുമാനമെടുത്തത് ക്രമപ്രകാരമല്ല.

4.ചെലവ് പത്രികയിൽ ഏത് ഫണ്ടിൽ നിന്നാണ് ചെലവ് നടന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/23.1.26) മറുപടി ലഭ്യമാക്കിയിട്ടില്ല. എം.സി.എഫ് ൽ സ്ഥാപിച്ചിട്ടുള്ള Shredding Machine ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-58 ഹരിത മിത്രം ആപ് - സർവേ പ്രതിഫലം നൽകൽ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഇൻസ്പെക്ടർ

പ്രോജക്ട് - 196/25 (ഹരിത മിത്രം ആപ്പ് സർവെ പ്രതിഫലം നൽകൽ)

അടങ്കൽ - 2,50,000

ചെലവ് - 307775

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൗച്ചർ - 24001094/31.3.25

ഹരിത മിത്രം ആപ്പ് - QR Code വീടുകളിൽ സ്ഥാപിച്ചതിന് പ്രതിഫലം നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം 79 പേർക്ക് 307775 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. 11289 വീടുകളിൽ QR Code സ്ഥാപിച്ചതിന് 25 രൂപ വച്ച് 2,82,225 രൂപ അനുവദിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തിയ സർവ്വേ നടത്തിയ 79 പേരുടെ ലിസ്റ്റ് മാത്രമാണ് ഫയലിൽ വച്ചിട്ടുള്ളത്. എന്നാൽ 307775 രൂപയാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അധികം നൽകിയ 25,550 രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട് വീടുകളിൽ QR Code സ്ഥാപിച്ചതിന്റെ / സർവേ നടത്തിയതിന്റെ രേഖകൾ ഇല്ല.

AIMS

2.തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് 79 പേരുടെയും സർവെ റിപ്പോർട്ടുകൾ ഫയലിനോടൊപ്പം വച്ചിട്ടില്ല.

3. വളാഞ്ചേരി നഗരസഭയിൽ 33 ഡിവിഷനുകളാണ് ഉള്ളത്. ഏതൊക്കെ ഡിവിഷനുകളിൽ എത്ര വീടുകളിൽ QR Code സ്ഥാപിച്ചുവെന്നും ഇനി എത്ര വീടുകളിൽ സ്ഥാപിക്കാൻ ഉണ്ട് എന്നും പദ്ധതിയുടെ ഫയലിൽ നിന്നും വ്യക്തമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/21.1.26) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 307775 രൂപ തടസ്സം ചെയ്യുന്നു.

## 1-59 അതിദരിദ്രർക്ക് യൂസർ ഫീ നൽകൽ- അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

പ്രോജക്ട് - 177/25

അടങ്കൽ - 38400

ചെലവ് - 37800

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൗച്ചർ- J-M101100-24000838/6.2.25- 37800

പദ്ധതിപ്രകാരം 63 അതിദരിദ്ര ഗുണഭോക്താക്കളുടെ യൂസർ ഫീസ് മേൽ വൗച്ചർ പ്രകാരം നഗരസഭയിൽ നിന്നും ഹരിത കർമ്മ സേനക്ക് അനുവദിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താക്കളുടെയും 12 മാസത്തെ യൂസർ ഫീ ആണ് അനുവദിച്ചിട്ടുള്ളത് (63x12x50 = 37800). ഫയൽ പരിശോധിച്ചതിൽ ഹരിത കർമ്മ സേനയുടെ കാഷ് രസീതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഹരിത കർമ്മ സേനക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. ഹരിത കർമ്മ സേന അംഗങ്ങൾ 63 അതിദരിദ്ര ഗുണഭോക്താക്കളുടെ വീടുകളിൽ 12 മാസം വിസിറ്റ് ചെയ്ത് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചതായി ഉറപ്പു വരുത്തിയ രേഖകൾ ഫയലിൽ വച്ചിട്ടില്ല. അതിദരിദ്ര ഗുണഭോക്താക്കളുടെ വീടുകളിൽ നൽകുന്ന കാർഡുകളിൽ സേന അംഗങ്ങൾ വിസിറ്റ് ചെയ്ത ദിവസങ്ങൾ സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് ഫയലിൽ വച്ചിട്ടില്ല.

അപാകതക്ക് വ്യക്തമായ മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (66/29.1.26) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികളിൽ അതിദരിദ്ര ഗുണഭോക്താക്കളുടെ വീടുകളിൽ വിസിറ്റ് ചെയ്ത് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചതായി ഉറപ്പു വരുത്തിയ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ചെലവുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-60 അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല.

വളാഞ്ചേരി നഗരസഭയിൽ 2024-25 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പടെ മൊത്തം 36.75 കോടി രൂപ അടങ്കലിൽ 411 പ്രവൃത്തികൾക്കാണ് നിർവ്വഹണത്തിന് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 14.71 കോടി രൂപ അടങ്കൽ (ഓഡിറ്റ് വർഷത്തെ) വകയിരുത്തിയ 11 പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ (Project Management Consultancy -PMC) മുഖേന നിർവ്വഹണം നടത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ നിർദ്ദേശ പ്രകാരം നഗരസഭയുടെ മരാമത്ത് പ്രവൃത്തികൾ സാധാരണ സംഗതിയിൽ നഗരസഭയിലെ എൻജിനീയറിംഗ് വിഭാഗം മുഖേനയാണ് നിർവ്വഹണം നടത്തേണ്ടത്. എന്നിരുന്നാലും, പ്രവൃത്തിയുടെ പ്രത്യേക സ്വഭാവം, ഫണ്ടിംഗ് ഏജൻസി നിശ്ചയിച്ച സമയപരിധി, നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ഭാരിച്ച ജോലിഭാരം തുടങ്ങിയ പരിഗണിച്ച് അംഗീകൃത ഏജൻസികളുടെ സേവനങ്ങൾ ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ ഏജൻസിയുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം പരിഗണിച്ചാണ് വൻകിട പ്രൊജക്ടുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 2024-25 വർഷത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | ഏജൻസി | അടങ്കൽ (റിവൈസ് ഉൾപ്പടെ) | സെന്റേജ് ചാർജ് (%) | 31.03.2025 വരെയുള്ള ചെലവ് | സൈറ്റ് കൈമാറിയ തിയ്യതി | പൂർത്തീകരണ കാലയളവ് | പൂർത്തീകരിച്ച തിയതി/ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| 1 | പി എച്ച് സി പാലിയേറ്റീവ് കെട്ടിടം നവീകരണം (616/25) | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് | 7000000 | 6.5 | 2696389 | 22.02.2024 | 5 മാസം | പൂർത്തീകരിച്ച |
| 2 | ജി യു പി സ്കൂൾ [illegible] | സ്റ്റീൽ [illegible] | 1821800 | 5.9 | 1420775 | 28.02.2024 | 12 മാസം | പൂർത്തീകരിച്ച |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മുറ്റം നവീകരണവും (577/25) | കേരള | | | | | | |
| 3 | കോതേ തോട് നവീകരണം (316/25) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ് | 50000000 | 4.1 | 20000591 | 17.02.2023 | 12 മാസം | പ്രവർത്തി നടന്നുവരുന്നു |
| 4 | കൊട്ടാരം വനിതാ ഹെൽത്ത് ക്ലബ് (411/25) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ് | 1000000 | 7 | 0 | 19.08.2024 | 12 മാസം | പ്രവർത്തി ഇടങ്ങിയിട്ടില്ല |
| 5 | ഐറിഷ് പദ്ധതി നടപ്പാതകളിൽ കൈവരി സ്ഥാപിക്കൽ (422/25) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ് | 5240000 | 5.8 | 4054928 | 13.12.2024 | 12 മാസം | പ്രവർത്തി നടന്നുവരുന്നു |
| 6 | കട്ടിപ്പുരത്തി അർബൻ ഹെൽത്ത് ആൻഡ് വെല്ല്നെസ്സ് സെന്റർ നിർമ്മാണം (490/25) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ് | 3500000 | 5.9 | 0 | 16.03.2024 | 18 മാസം | പൂർത്തീകരിച്ചു |
| 7. | കമ്മ്യൂണിറ്റി പാർക്ക് (342/25) | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള | 13400000 | 5.9 | 12488070 | 19.01.2024 | 18 മാസം | പൂർത്തീകരിച്ചു |
| 8 | എക്കോ ഫ്രണ്ട്ലി പാർക്ക് (578/25) | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള | 13400000 | 5.25 | 0 | 16.03.2024 | 18 മാസം | പ്രവർത്തി ഇടങ്ങിയിട്ടില്ല |
| 9 | സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമാണം (494/25) | ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെൻറർ | 57951084 | 1.38 | 9060480 | 13.03.2024 | 12 മാസം | പ്രവർത്തി നടന്നുവരുന്നു |
| 10 | കഞ്ഞിപ്പുര ഹെൽത്ത് ആൻഡ് വെൽനസ് സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ (606/25) | ആർട്ടിസാൻസ് ഡവലപ്പ്മെൻറ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | 764000 | 5.5 | 0 | 16.10.2025 | 12 മാസം | പ്രവർത്തി നടന്നുവരുന്നു |
| 11 | നഗരസഭ ടൗണിൽ നാഷണൽ ഹൈവേയിൽ ഐറിഷ് ഡ്രൈനേജ് കൈവരി | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ് | 25120000 | 7.7 | 0 | 13.12.2024 | 12 മാസം | പ്രവർത്തി നടന്നുവരുന്നു |

സ്ഥാപിക്കൽ
(609/25)

(പട്ടിക 1)

നഗരസഭക്ക് വേണ്ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ നടത്തുക, നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുക, പ്രവൃത്തിയുടെ മെഷർമെന്റ്-ചെക്ക് മെഷർമെന്റ് എടുക്കുക, ബിൽ തയ്യാറാക്കുക എന്നിവ ഏജൻസിയുടെ ഉത്തരവാദിത്വമാണ്. ഇതിന് വേണ്ടി നഗരസഭ സെന്റേജ് ചാർജ് ഇനത്തിൽ പ്രവൃത്തി മൂല്യ നിർണ്ണയ തുകയുടെ 8% തുക ഏജൻസിക്ക് നൽകുകയും ചെയ്യുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പോരായ്മകൾ, ഗുണമേൻമ കുറഞ്ഞ നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, നിർവ്വഹണത്തിലെ കാലതാമസം, മേൽ നോട്ടത്തിലേയും മൂല്യ നിർണ്ണയത്തിലേയും ഗുരുതരമായ വീഴ്ചകൾ മുതലായവ മൂലം അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിലൂടെ ലക്ഷ്യമാക്കിയ നേട്ടങ്ങൾ കൈവരിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ പട്ടികയിലെ ക്രമ നമ്പർ 3, 4, 5, 8, 9, 11 എന്നീ പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിന് Project Management Consultancy-കൾക്ക് കഴിഞ്ഞിട്ടില്ല. പ്രധാനമായും നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം മൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന് പരിഹാരമായിട്ടാണ് അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. നഗരസഭക്ക് വേണ്ടി പദ്ധതി നിർവ്വഹണത്തിന്റെ മേൽ നോട്ടം വഹിക്കുകയും പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വമാണ്. പദ്ധതി നിർവ്വഹണത്തിന് വേണ്ടി സെന്റേജ് ചാർജ് ഇനത്തിൽ നഗരസഭ അധികം പണം ചെലവഴിച്ചിട്ടും പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് Project Management Consultancy കളുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഫണ്ട് ലാപ്സാവുന്ന സാഹചര്യവും ഉണ്ടാവുന്നുണ്ട്.

പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന് Project Management Consultancy കളോട് വിശദീകരണം ആവശ്യപ്പെടേണ്ടതും ആയതിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ സമയബന്ധിതമായി പണി പൂർത്തീകരിക്കാത്ത കരാറുകാരുടെ ബിൽ തുകയിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കേണ്ടതുമാണ്.

2)നിർമ്മാണ സാമഗ്രികളുടെ ഗുണമേൻമ പരിശോധിക്കുന്നില്ല.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പിഡബ്ള്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. മേൽ പട്ടിയിലെ ക്രമ നമ്പർ 10 ഒഴികെയുള്ള മുഴുവൻ പ്രൊജക്റ്റുകളും 15 ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ളവയാണ്. എന്നാൽ പ്രവൃത്തികളിൽ ഒന്നും തന്നെ QC Testing നടത്തിയതിന്റെ രേഖകൾ ഇല്ല. ക്വാളിറ്റി ടെസ്റ്റ് നടത്താത്തിനാൽ പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രവൃത്തിയുടെ നിർവ്വഹണ സമയത്ത് ആവശ്യമായ QC Testing നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ബില്ലുകൾ (പാർട്ട് ബിൽ ഉൾപ്പടെ) QC Testing സർട്ടിഫിക്കറ്റ് സഹിതം പെയ്മെന്റിന് വേണ്ടി സമർപ്പികകയും ചെയ്യേണ്ടത് Project Management Consultancy കളോടേയും ആവശ്യമായ മുഴുവൻ രേഖകളും Project Management Consultancy കൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് നഗരസഭ എൻജിനീയറുടേയും ഉത്തരവാദിത്തമാണ്. Project Management Consultancy കളുടേയും നഗരസഭ എൻജിനീയറുടേയും ഭാഗത്ത് വീഴ്ച്ചയുണ്ടായിട്ടുണ്ട്. QC Testing നടത്താതെ പ്രവൃത്തിയുടെ ഗുണമേൻമ ഉറപ്പുവരുത്തിയത് എപ്രകാരമാണ് എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

3)പ്രവൃത്തികളുടെ മേൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ല.

പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിന് ശേഷം കരാറുകാർക്ക് നൽകുന്ന Letter Of Acceptance ലെ വ്യവസ്ഥ പ്രകാരം, പ്രവൃത്തിയുടെ മേൽ കരാറുകാരൻ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം ഇൻഷ്വറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ സമർപ്പിക്കണം. ഇത് സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% കരാറുകാരന് അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഏജൻസി പ്രവൃത്തികളിൽ കരാറുകർ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കുകയോ, കരാർ തുകയുടെ 0.2% കരാറുകാരന് അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് വരുത്തുകയോ ചെയ്തതായി കാണുന്നില്ല. മേൽ വിഷയത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4)എസ്റ്റിമേറ്റുകളിൽ അധിക നിരക്ക് നൽകുന്നു.

അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ചില ഇനങ്ങളിൽ കൂടിയ നിരക്കാണ് അനുവദിക്കുന്നത്. ഉദാഹരണമായി കൊട്ടാരം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (434/25) എന്ന പ്രൊജക്ട് പ്രകാരം 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി നിർവ്വഹണ ഏജൻസി ആയ Forest Industries Travancore Ltd തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വളരെ കൂടിയ നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഏജൻസി തയ്യാറാക്കിയ Observed Data പ്രകാരം 1

മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 877.53/- രൂപയാണ് നൽകിയിട്ടുള്ളത്. നഗരസഭ എൻജിനീയർ തയ്യാറാക്കിയ Observed Data പ്രകാരം 1 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നൽകാവുന്ന നിരക്ക് 488.01/- രൂപ മാത്രമാണ്. പ്രവൃത്തിയിൽ 700m പൈപ്പ് ലൈൻ സ്ഥാപിച്ചതിന് കരാറുകാരന് പണം നൽകിയിട്ടുണ്ട്. അധിക നിരക്ക് നൽകിയത് മൂലം നികതി ഉൾപ്പടെ 3.21 ലക്ഷം രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

5) മേൽ നോട്ടത്തിലും മൂല്യ നിർണ്ണയത്തിലും ഗുരുതര വീഴ്ചകൾ.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് ഖണ്ഡിക 7.1 പ്രകാരം 3 കോടിവരെയുള്ള പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന സെന്റേജ് ചാർജ് 7% ആണ്. കൂടാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകുന്ന 7% സെന്റേജ് ചാർജിൽ 4.5% തുകയും (അതായത് സെന്റേജ് ചാർജിന്റെ 64%) Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ ജോലികൾ ചെയ്യുന്നതിനാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 7.3).

എന്നാൽ പ്രവൃത്തിയുടെ ഭാഗമായി 2 പ്രവൃത്തികളുടെ സൈറ്റ് പരിശോധനയാണ് നടത്തിയത്. രണ്ട് പ്രവൃത്തിയിലും പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ള നിർമ്മാണ സാധനങ്ങളുടെ ഗുണമേൻമയിലും, മൂല്യ നിർണയത്തിലും ഗുരുതരമായ വീഴ്ചകൾ ഉള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തി | വിവരണം |
|---|---|---|
| 1 | ഐറിഷ് പദ്ധതി നടപ്പാതകളിൽ കൈവരി സ്ഥാപിക്കൽ (422/25) | 1. Forest Industries Travancore Ltd എന്ന PMC മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.<br>2. പ്രവൃത്തിയിൽ കൈവരി സ്ഥാപിക്കുന്നതിന് ആകെ 18651 Kg ജി ഐ പൈപ്പുകൾ ഉപയോഗിച്ചതായി M Book-ൽ മൂല്യ നിർണ്ണയം രേഖപ്പെടുത്തി കരാറുകാരന് പണം നൽകിയിട്ടുണ്ട്.<br>3. എന്നാൽ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ എൻജിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ പ്രവൃത്തിയിൽ കൈവരി സ്ഥാപിക്കുന്നതിന് ആകെ 12715 Kg ജി ഐ പൈപ്പുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.<br>4. നിർവ്വഹണ ഏജൻസി മൂല്യ നിർണ്ണയത്തിലെ വീഴ്ച അംഗീകരിക്കുയും, കരാറുകാരൻ അധികം കൈപ്പറ്റിയ 13.11 ലക്ഷം രൂപ നഗരസഭയിൽ അടവാക്കുകയും ചെയ്തു [R-M101100-25016669/22.01.2026, R-M101100-25016627/22.01.2026 നമ്പർ രസീതികൾ പ്രകാരം]. |
| 2 | പി എച്ച് സി പാലിയേറ്റീവ് കെട്ടിടം നവീകരണം (616/25) | 1. KERALA ELECTRICAL & ALLIED ENGINEERING (KEL) എന്ന PMC മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.<br>2. പ്രവൃത്തിയിൽ കെട്ടിടത്തിന്റെ മുകളിൽ ഹാൾ നിർമ്മിക്കുന്നതിന് വേണ്ടി ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ ചെയ്യുന്നതിന് ആകെ 4838 Kg സ്ക്വയർ പൈപ്പുകൾ ഉപയോഗിച്ചതായി M Book-ൽ മൂല്യ നിർണ്ണയം രേഖപ്പെടുത്തി കരാറുകാരന് പണം നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ എൻജിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ പ്രവൃത്തിയിൽ ആകെ 2915 Kg സ്ക്വയർ പൈപ്പുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.<br>3. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിൽ 0.50 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ആണ് ഉപയോഗിക്കേണ്ടിയിരുന്നത്. കൂടാതെ 0.50 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ചതായി M Book-ൽ മൂല്യ നിർണ്ണയം രേഖപ്പെടുത്തി കരാറുകാരന് പണം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ 0.40 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.<br>4. നിർവ്വഹണ ഏജൻസി മൂല്യ നിർണ്ണയത്തിലെ വീഴ്ച അംഗീകരിക്കുയും |

കരാറുകാരൻ അധികം കൈപ്പറ്റിയ 458681/- രൂപ R-M101100-25017791/02.02.2026 നമ്പർ രസീതി പ്രകാരം നഗരസഭയിൽ അടവാക്കുകയും ചെയ്യു.

6) നഗരസഭയുടെ ആസ്തിയിൽ അല്ലാതെ ഫണ്ട് ചെലവഴിച്ചു.

ഐറിഷ് പദ്ധതി നടപ്പാതകളിൽ കൈവരി സ്ഥാപിക്കൽ (422/25) എന്ന പദ്ധതി പ്രകാരം സ്റ്റേറ്റ് ഹൈവേയിൽ കൈവരി സ്ഥാപിക്കുന്നതിന് 2024-25, 2025-26 വർഷങ്ങളിലായി നഗരസഭ പണം ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയിൽ ആണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് വേണ്ടി 4291314/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 207, 208 എന്നിവകളിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭയുടെ നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കപ്പെട്ടതും,സർക്കാരിന്റെ നിയന്ത്രണത്തിലോ, സർക്കാർ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിലോ വയ്ക്കുകയും ചെയ്യുന്നപക്ഷം, അത്തരം തെരുവുകളിൽ മുനിസിപ്പൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് ആവശ്യമാണ്. സ്റ്റേറ്റ് ഹൈവേകൾ നഗരസഭയുടെ ആസ്തിയിൽ വരുന്ന റോഡുകൾ അല്ല എന്നിരിക്കെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാറിൽ നിന്നും പ്രത്യേക ഉത്തരവ് ഒന്നും ലഭ്യമാക്കിയിട്ടില്ല. പൊതു മരമത്ത് വിഭാഗത്തിൽ നിന്നും സമ്മതപത്രം (NOC) മാത്രം ലഭ്യമാക്കി പ്രൊജക്ട് നടപ്പിലാക്കുകയാണ് ചെയ്തിട്ടുളളത്.

7) ഓഡിറ്റ് പരാമർശം/നിർദ്ദേശം.

നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം പരിഗണിച്ചാണ് വൻകിട പ്രൊജക്ടുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 7 ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്. ആയതിനാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർമ്മാണ സാമഗ്രികളുടെ ഗുണമേൻമ ഉറപ്പുവരുത്തൽ, പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തൽ, പ്രവൃത്തിയുടെ മൂല്യ നിർണ്ണയം എന്നിവ പ്രത്യേകം മോണിറ്റർ ചെയ്യുന്നതിന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതും ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടാവുന്ന വീഴ്ചകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-61 ഐറിഷ് പദ്ധതി നടപാതകളിൽ കൈവരി സ്ഥാപിക്കൽ- മൂല്യ നിർണയത്തിൽ ഗുരുതര വീഴ്ച.

ഐറിഷ് പദ്ധതി നടപ്പാതകളിൽ കൈവരി സ്ഥാപിക്കൽ (422/25) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി വളാഞ്ചേരി ജംഗ്ഷനിൽ നിന്നും വളാഞ്ചേരി- പെരിന്തൽമണ്ണ, വളാഞ്ചേരി- പട്ടാമ്പി റോഡുകളിലെ നടപ്പാതകളിൽ കൈവരി സ്ഥാപിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ 4291314/- രൂപ ചെലവഴിച്ചിട്ടുണ്ട്. മൂല്യ നിർണ്ണയത്തിലെ വീഴ്ച്ച മൂലം പ്രസ്തുത പ്രവൃത്തിയിൽ 1383394/- രൂപയുടെ അധിക ചെലവ് ഉണ്ടായി. Forest Industries Travancore Ltd എന്ന PMC (Project Management Consultancy) മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| K Smart File No | 1526149-2024 |
| ഫണ്ട്/ അടങ്കൽ | 30,00,000/30,00,000 (CFC)<br>20,00,000/12,91,314 (Own Fund) |
| കരാർ | AE/LID&EW/VLY/24/2024-25/13/12/2024 (Tender Variation - Nil) |
| എസ്റ്റിമേറ്റ് നമ്പർ | 2024/10951 |
| TS | FIT/TS-25/2024-25/18.09.2024 |
| M Book | 208/24-25, 209/24-25 |
| ചെലവ്/ വൗച്ചർ നമ്പർ | Rs. 30,00,000 Vr.No P-M101100-24001035/26.03.2025<br>Rs. 12,91,314 Vr.No P-M101100-24001117/31.03.2025 |
| കരാറുകാരൻ | Mohammed Riyas K |

പ്രവൃത്തിയുടെ പരിശോധന വിവരം ചുവടെ ചേർക്കുന്നു.

1)മേൽ പ്രൊജക്ടിലെ ഇനം 4 പ്രകാരം കൈവരി സ്ഥാപിക്കുന്നതിന് (DSR Spec Code 10.26.3) മൊത്തം 18651.42 Kg ജി ഐ പൈപ്പുകൾ ഉപയോഗിച്ചതായി M Book-ൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. കൈവരിയുടെ പോസ്റ്റുകളും (Post) കൈവരിയുടെ ടോപ്പ് റെയിലും (Top Rail) നിർമ്മിക്കുന്നതിന് 50 Mm Diameter പൈപ്പുകളും, Horizontal Intermediate-കൾ നിർമ്മിക്കുന്നതിന് 40 Mm Diameter പൈപ്പുകളും ഉപയോഗിച്ചതായിട്ടാണ് M Book-ൽ രേഖപ്പെടുത്തിട്ടുള്ളത്. 50 Mm Diameter പൈപ്പുകൾക്ക് (Posts & Top Rails) 1 മീറ്റർ നീളത്തിന് 4.08 Kg തൂക്കമുള്ളതായും (4.08 Kg/M), 40 Mm Diameter പൈപ്പുകൾക്ക് (Horizontal Intermediates) 1 മീറ്റർ നീളത്തിന് 2.95 Kg തൂക്കമുള്ളതായും (2.95 Kg/M) M Book-ൽ രേഖപ്പെടുത്തിയാണ് മൂല്യ

നിർണ്ണയം നടത്തി തുക അനുവദിച്ചിട്ടുള്ളത്.

2)2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള പൈപ്പുകളുടെ തൂക്കം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് എൻക്വയറി (Audit Enquiry No 06/17.01.2026) നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 17.01.2026 തിയ്യതിയിൽ Project Management Consultancy -യുടെ അസി. എൻജിനീയർ ശ്രീ.ഡി.ഡെറിൻ എന്നവരുടെ സാന്നിധ്യത്തിൽ വളാഞ്ചേരി-പെരിന്തൽമണ്ണ റോഡിലെ കൈവരിയിൽ നിന്നും പൈപ്പുകൾ മുറിച്ച് എടുത്ത് ചുവടെ ചേർത്തിട്ടുള്ള പ്രകാരം ഭാരം/തൂക്കം നഗരസഭ എൻജിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

| ക്ര. ന | പൈപ്പുകൾ | തൂക്കം (Kg/M) |
|---|---|---|
| 1 | പോസ്റ്റുകളും (Post) കൈവരിയുടെ ടോപ്പ് റെയിലും (Top Rail) | 2.80 Kg/M |
| 2 | Horizontal Intermediate-കൾ | 2.00 Kg/M |

3)തെറ്റായ മൂല്യ നിർണ്ണയം മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| പൈപ്പുകളുടെ വിവരം | ആകെ നീളം (M) | അനുവദിച്ച തൂക്കം (Kg) | അനുവദിക്കാവുന്ന തൂക്കം (Kg) | അധികം (Kg) |
|---|---|---|---|---|
| പോസ്റ്റുകൾ (Post) നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള പൈപ്പുകൾ | 1132.04 M | 4618.72 Kg [1132.04 M * 4.08 Kg /M] | 3169.71 Kg [1132.04 M * 2.80 Kg /M] | 1449.01 Kg |
| കൈവരിയുടെ ടോപ്പ് റെയിൽ (Top Rail) നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള പൈപ്പുകൾ | 939.46 M | 3832.99 Kg [939.46 M * 4.08 Kg /M] | 2630.49 Kg [939.46 M * 2.80 Kg /M] | 1202.5 Kg |
| കൈവരിയുടെ Horizontal Intermediate നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള പൈപ്പുകൾ | 3457.53 M | 10199.71 Kg [3457.53 M * 2.95 Kg /M] | 6915.06 Kg [3457.53 M * 2 Kg / M] | 3284.65 Kg |
| ആകെ | | 18651.42 Kg | 12715.26 Kg | 5936.16kg |

ഇനം 4 പ്രകാരമുള്ള മേൽ സ്റ്റീൽ പ്രവൃത്തിക്ക് DSR Spec Code 10.26.3 പ്രകാരം 187.2 രൂപ/ Kg നിരക്ക് (Estimate Rate) ആണ് നൽകിയിട്ടുള്ളത്. പൈപ്പുകൾക്ക് തെറ്റായ തൂക്കം (M/Kg) അനുവദിച്ചത് മൂലമുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു.

1. കരാറുകാരന് നൽകിയ തുകയിലെ അധിക ചെലവ്.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|
| 41,20,024/- [(18651.42 Kg * 187.2 രൂപ/ Kg) + (18% GST)] | 28,08,750/- [(12715.26 Kg * 187.2 രൂപ/ Kg) + (18% GST)] | 1311274/- (41,20,024 - 28,08,750) |

2. PMC ഇനത്തിൽ നൽകിയ അധിക ചെലവ്

മൂല്യ നിർണയ തുകയുടെ 5.5% ആണ് PMC -ക്ക് സെന്റേജ് ചാർജ് ഇനത്തിൽ നൽകേണ്ടത്. അധികം നൽകിയ 1111249/- രൂപയിന്മേൽ (GST കുറവ് വരുത്തിയുള്ള തുക) 72120/- രൂപ (1111249*5.5% + GST18%)സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിയായ Forest Industries Travancore Ltd എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരമുള്ള കനമുള്ള പൈപ്പുകൾ ഉപയോഗിച്ച് പ്രവൃത്തി ചെയ്യാത്തത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായും, തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് അക്രഡിറ്റഡ് ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No.14/21.01.2026) തുടർന്ന് കരാറുകാരൻ അധികം നൽകിയ 1311274/-രൂപ R-M101100-25016669/22.01.2026 നമ്പർ രസീതി പ്രകാരവും, സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിക്ക് അധികം നൽകിയ 72120/-രൂപ R-M101100-25016627/22.01.2026 നമ്പർ രസീതി പ്രകാരവും നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി.

<u>ഓഡിറ്റ് പരാമർശം/ നിർദ്ദേശം.</u>

നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം പരിഗണിച്ചാണ് വൻകിട പ്രൊജക്റ്റുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 7 ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ്

നൽകുന്നത്. മേൽ സേവനങ്ങളിൽ പ്രത്യേകിച്ച് Supervision, Quality Control, Measurement, Check Measurement എന്നിവയിൽ ഗുരുതരമായ വീഴ്ച വരുത്തിയ ശേഷം ഓഡിറ്റ് കണ്ടെത്തുമ്പോൾ തുക അടവാക്കാം എന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക തിരിച്ചടവാക്കിയതിന്മേൽ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കുന്നില്ല. അക്രഡിറ്റഡ് ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-62 പി എച്ച് സി പാലിയേറ്റീവ് കെട്ടിടം നവീകരണം– മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചകൾ– 488495/– രൂപയുടെ അധിക ചെലവ്.

പി എച്ച് സി പാലിയേറ്റീവ് കെട്ടിടം നവീകരണം (616/25) എന്ന പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. KERALA ELECTRICAL & ALLIED ENGINEERING (KEL) എന്ന അക്രഡിറ്റഡ് ഏജൻസി [Project Management Consultancy (PMC)] മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രകാരമുള്ള ഗുണ നിലവാരത്തിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്യേണ്ടത് കരാറുകാരന്റേയും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് അക്രഡിറ്റഡ് ഏജൻസിയുടേയും ബാധ്യതയാണ്. മേൽ വിഷയത്തിൽ കരാറുകാരന്റേയും, അക്രഡിറ്റഡ് ഏജൻസിയുടേയും ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| K Smart File No | 788178-2025 |
| ഫണ്ട്/ അടങ്കൽ | 4900000 (CFC) |
| കരാർ | AE/LID&EW/VLY/69/2023-24൮22/02/2024 (Tender Variation - Nil) |
| എസ്റ്റിമേറ്റ് നമ്പർ | 2023/20575 |
| TS | E1-3079/23/27.12.2023 |
| M Book | 1525 |
| ചെലവ്/ വൗച്ചർ നമ്പർ | Rs. 2696389 Vr.No. P-M101100-24001086/ 30-03-2025 |
| കരാറുകാരൻ | Hussain TK |

പ്രവൃത്തിയുടെ ഫയൽ, അക്രഡിറ്റഡ് ഏജൻസിയുടേയും നഗരസഭയുടേയും എൻജിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റീൽ പ്രവൃത്തികളുടെ മൂല്യ നിർണ്ണയത്തിൽ അധിക ചെലവ്.

എസ്റ്റിമേറ്റിലെ ഇനം 2.17 (DSR Spec Code 50.10.1), 2.18 (DSR Spec Code 50.10.2) പ്രകാരം കെട്ടിടത്തിന്റെ മുകളിൽ ഹാൾ നിർമ്മിക്കുന്നതിന് വേണ്ടി ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 40*40 സ്ക്വയർ പൈപ്പുകൾ (RHS 40*40) ഉപയോഗിച്ചാണ് സ്റ്റീൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. 1 മീറ്റർ നീളത്തിന് 2.97 Kg തൂക്കമുള്ളതായി (2.95 Kg/M) M Book-ൽ രേഖപ്പെടുത്തിയാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ 27.01.2026 തിയ്യതിയിൽ അക്രഡിറ്റഡ് ഏജൻസിയുടെ അസി.എൻജിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ള സ്ക്വയർ പൈപ്പിന്റെ (RHS 40*40) തൂക്കം പരിശോധിച്ച് നഗരസഭ അസി. എൻജിനീയർ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാക്ഷ്യപത്ര പ്രകാരം പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള സ്ക്വയർ പൈപ്പിന് 1 മീറ്റർ നീളത്തിന് 1.85 Kg തൂക്കമാണ് ഉള്ളത് (1.85 Kg/M). തെറ്റായ മൂല്യ നിർണ്ണയം മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ഇനം | ആകെ നീളം (M) | അനുവദിച്ച തൂക്കം (Kg) | അനുവദിക്കാവുന്ന തൂക്കം (Kg) | അധികം (Kg) |
|---|---|---|---|---|
| ഇനം 17 (50.10.1) | 1124.36 M | 3339.4 Kg [1124.36 M * 2.97 Kg /M] | 2080.07 Kg [1124.36 M * 1.85 Kg /M] | 1259.33 Kg |
| ഇനം 18 (50.10.2) | 504.5 M | 1498.37 Kg [504.5 M * 2.97 Kg /M] | 933.33 Kg [504.5 M * 1.85 Kg /M] | 565.04 Kg |
| ആകെ | | | | 1824.37kg |

ഇനം 2. 17 പ്രകാരമുള്ള സ്റ്റീൽ പ്രവൃത്തിക്ക് DSR Spec Code 50.10.1 പ്രകാരം 191.03 രൂപ/ Kg ഉം, ഇനം ഇനം 2. 18 പ്രകാരമുള്ള സ്റ്റീൽ പ്രവൃത്തിക്ക് DSR Spec Code 50.10.2 പ്രകാരം 153.25 രൂപ/ Kg നിരക്കിലുമാണ് (Estimate Rate) തുക നൽകിയിട്ടുള്ളത്. പൈപ്പുകൾക്ക് തെറ്റായ തൂക്കം (M/Kg) അനുവദിച്ചത് മൂലമുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു.

A). കരാറുകാരന് നൽകിയ തുകയിലെ അധിക ചെലവ്.

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| ഇനം | 7,52,752/- | 4,68,880/- | 2,83,872/- |

| | | | |
|---|---|---|---|
| 2.17 (50.10.1) | [(3339.4 Kg * 191.03 രൂപ/ Kg) + (18% GST)] | [(2080.07 Kg * 191.03 രൂപ/ Kg) + (18% GST)] | (7,52,752 - 4,68,880) |
| ഇനം | 2,70,958/- | 1,68,778/- | 1,02,180/- |
| 2.18 (50.10.2) | [(1498.37 Kg * 153.25 രൂപ/ Kg) + (18% GST)] | [(933.33 Kg * 153.25 രൂപ/ Kg) + (18% GST)] | (270958 - 1,68,778) |
| | ആകെ | | 3,86,052/- |

B) PMC ഇനത്തിൽ നൽകിയ അധിക ചെലവ്

മൂല്യ നിർണയ തുകയുടെ 6.5% ആണ് PMC -ക്ക് സെന്റേജ് ചാർജ് ഇനത്തിൽ നൽകേണ്ടത്. അധികം നൽകിയ 327163/- രൂപയിന്മേൽ (GST കറവ് വരുത്തിയുള്ള തുക) 25093/- രൂപ സെന്റേജ് ചാർജ് [(327163) * (6.5%)+ (18% GST)] ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിയായ KERALA ELECTRICAL & ALLIED ENGINEERING (KEL) എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

2) പ്രൊഫൈൽ ഷീറ്റ് മൂല്യ നിർണ്ണയത്തിലേയും അധിക ചെലവ്.

എസ്റ്റിമേറ്റിലെ ഇനം 2.19 പ്രകാരം കെട്ടിടത്തിന്റെ മുകളിൽ ഹാൾ നിർമ്മിക്കുന്നതിന് വേണ്ടി പ്രൊഫൈൽ ഷീറ്റ് വിരിച്ചിട്ടുണ്ട് (DSR Spec Code 12.50). എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിൽ 0.50 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ആണ് പ്രവൃത്തിക്ക് ഉപയോഗിക്കേണ്ടത്. എന്നാൽ സൈറ്റ് പരിശോധനയിൽ പ്രവൃത്തിയിൽ 0.40 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഷീറ്റിലെ പ്രിന്റ് കണ്ട് ബോധ്യപ്പെട്ടു. എന്നാൽ 0.50 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്തതായി മൂല്യ നിർണ്ണയും നടത്തി തുക അനുവദിച്ചിട്ടുണ്ട്. തെറ്റായ മൂല്യ നിർണ്ണയം മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

A. കരാറുകാരന് നൽകിയ തുകയിലെ അധിക ചെലവ്.

| ഇനം | ആകെ വിസ്തീർണം ($M^2$) | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| ഇനം 2.19 | 361.57 $M^2$ | 3,17,063/- [(361.57 $M^2$) *(743.14)+ (18% GST)] | 244434/- [(361.57 $M^2$) *(572.91)+ (18% GST)] | 72629/- |

B. PMC ഇനത്തിൽ നൽകിയ അധിക ചെലവ്

മൂല്യ നിർണയ തുകയുടെ 6.5% ആണ് PMC -ക്ക് സെന്റേജ് ചാർജ് ഇനത്തിൽ നൽകേണ്ടത്. അധികം നൽകിയ 61550/- രൂപയിന്മേൽ (GST കറവ് വരുത്തിയുള്ള തുക) 4721/- രൂപ സെന്റേജ് ചാർജ് [(61550) * (6.5%)+ (18% GST)] ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിയായ KERALA ELECTRICAL & ALLIED ENGINEERING (KEL) എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No.65/29.01.2026) തുടർന്ന് കരാറുകാരൻ അധികം നൽകിയ 458681/-രൂപ R-M101100-25017791/02.02.2026 നമ്പർ രസീതി പ്രകാരം നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി. സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിക്ക് അധികം നൽകിയ തുക തിരച്ചടവാക്കിയിട്ടില്ല. ആയത് തിരിച്ചടവാക്കേണ്ടതാണ്.

ഓഡിറ്റ് പരാമർശം/നിർദ്ദേശം.

നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം പരിഗണിച്ചാണ് വൻകിട പ്രൊജക്ടുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 7 ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നി സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ് നൽകുന്നത്. മേൽ സേവനങ്ങളിൽ പ്രത്യേകിച്ച് Supervision, Quality Control, Measurement, Check Measurement എന്നിവയിൽ ഗുരുതരമായ വീഴ്ച വരുത്തിയ ശേഷം ഓഡിറ്റ് കണ്ടെത്തുമ്പോൾ തുക അടവാക്കാം എന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക തിരിച്ചടവാക്കിയതിന്മേൽ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കുന്നില്ല. അക്രഡിറ്റഡ് ഏജൻസിയുടെ ഭാഗത്തുന്നുണ്ടായിട്ടുള്ള വീഴ്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-63 കൊട്ടാരം കടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ – അധിക നിരക്ക് നൽകിയതുമൂലം 3,40,727/- രൂപയുടെ അധിക ചെലവ്.

കൊട്ടാരം കടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (434/25) എന്ന പ്രൊജക്ട് പ്രകാരം 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക നല്കിയിട്ടുണ്ട്. Forest Industries Travancore Ltd എന്ന PMC (Project Management Consultancy) മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രവൃത്തിയിൽ ഇനം 1 ആയി 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 877.53/Meter നിരക്ക് ആണ് അനുവദിച്ചിട്ടുള്ളത്. Observed Data തയ്യാറാക്കിയാണ് നിരക്ക് കണക്കാക്കിയിട്ടുള്ളത്. Observed Data തയ്യാറാക്കിയതിലെ പിഴവ് മൂലം ഒരു മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിന് 389.52/- രൂപ നിരക്കിൽ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| K Smart File No | 836869-2025 |
| ഫണ്ട്/ അടങ്കൽ | 1649000/- (CFC) |
| കരാർ | AE/LID&EW/VLY/98/2024-25/25/03/2025 (Tender Variation - Nil) |
| എസ്റ്റിമേറ്റ് നമ്പർ | 2025/2384 |
| TS | FIT/TS-134/2024-25/28.02.2025 |
| M Book | 142/25 |
| ചെലവ്/ വൗച്ചർ നമ്പർ | Rs. 685755 Vr.No. P-M101100-24001082/ 30-03-2025 |
| കരാറുകാരൻ | SHAMSUDHEEN |

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) Forest Industries Travancore Ltd തയ്യാറാക്കിയ Observed Data-യിൽ 1 മീറ്റർ 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പിന് 552/- രൂപയാണ് മാർക്കറ്റ് നിരക്കായി (MR) നൽകിയിട്ടുള്ളത്. മേൽ നിരക്ക് വസ്തുതാപരമല്ലെന്ന് കാണുന്നു. കാരണം Approved Observed Data 50.18.9.8.1, 50.18.9.8.2 എന്നിവ പ്രകാരം യഥാക്രമം 75 Mm Dia 6 Kgf/ $Cm^2$ PVC, 75 Mm Dia 4 Kgf/ $Cm^2$ PVC പൈപ്പുകളുടെ മാർക്കറ്റ് നിരക്ക് 129/-, 95/- രൂപയാണ്. മേൽ സാഹചര്യത്തിൽ മുകളിലെ പരാമർശങ്ങൾ കൂടി പരിഗണിച്ച് 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പ് ഉപയോഗിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള Observed Data തയ്യാറാക്കി നൽകുന്നതിന് നഗരസഭ അസി.എൻജിനീയറോട് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (58/29.01.2026)

2)ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ Observed Data ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 1 മീറ്റർ 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പിന് 214/-നിരക്കിൽ നൽകിയാണ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ പ്രകാരം 1 മീറ്റർ 75 Mm Dia 10 Kgf/ $Cm^2$ PVC പൈപ്പ് സ്ഥാപിക്കുന്നതിനുള്ള തുക 488.01/- രൂപയാണ്.

3)തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1. കരാറുകാരന് അധികം നൽകിയ തുക

| നൽകിയ തുക (@877.53/Meter) | നൽകാവുന്ന തുക (@488.01/Meter) | അധികം |
|---|---|---|
| 724840/- (700 Meter* 877.53/Meter) + (18% GST) | 403096/- (700 Meter* 488.01/Meter) + (18% GST) | 321744/- |

2. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ് ഇനത്തിൽ അധികം നൽകിയ തുക.

മൂല്യ നിർണയ തുകയുടെ 5.9% ആണ് PMC -ക്ക് സെന്റേജ് ചാർജ് ഇനത്തിൽ നൽകേണ്ടത്. അധികം നൽകിയ 272664/- രൂപയിന്മേൽ (GST കുറവ് വരുത്തിയുള്ള തുക) 18983/- രൂപ സെന്റേജ് ചാർജ് [(272664) * (5.9%)+ (18% GST)] ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിയായ Forest Industries Travancore Ltd എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No64/29.01.2026) തുടർന്ന് കരാറുകാരൻ അധികം നൽകിയ 321744/-രൂപ R-M101100-25017847/03.02.2026 നമ്പർ രസീതി പ്രകാരം നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി. സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിറ്റഡ് ഏജൻസിക്ക് അധികം നൽകിയ തുക തിരിച്ചടവാക്കിയിട്ടില്ല. ആയത് തിരിച്ചടവാക്കേണ്ടതാണ്.

ഓഡിറ്റ് പരാമർശം/ നിർദ്ദേശം.

നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം പരിഗണിച്ചാണ് വൻകിട പ്രൊജക്റ്റുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 7 ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി

ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ് നൽകുന്നത്. ക്രമപ്രകാരമല്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം ഓഡിറ്റ് കണ്ടെത്തുമ്പോൾ തുക അടവാക്കാം എന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക തിരുച്ചടവാക്കിയതിന്മേൽ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കുന്നില്ല. അക്രഡിറ്റഡ് ഏജൻസിയുടെ ഭാഗത്തുന്നുണ്ടായിട്ടുള്ള വീഴ്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം– ഒടുക്ക് സംബന്ധിച്ച പരിശോധന.

വളാഞ്ചേരി നഗരസഭയിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ). | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 29 | 372500 | 372500 | 0 | - |

*01-04-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 4 | 3500 | 3500 | 0 | 0 |

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 15.01.2026 മുതൽ 29.01.2026 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 213/25- ആലിൻചുവട് നിരപ്പ് റോഡ് മാടത്തിയാർകുന്ന് സ്ട്രീറ്റ് ലൈൻ വലിക്കൽ | P-M10100-24000428/30.09.2024 | 56267 | 56267 | പൂർത്തീകരിച്ച | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് മുതൽ | തൻവർഷം അടച്ചത് പലിശ | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| PMAY ലൈഫ് അർബൻ ഭവനപദ്ധതി (HUDCO) | ലഭ്യമല്ല | 10066943 | 29333333 | 2933333 | | 36466943 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 111673390 |
| തൻവർഷം നിക്ഷേപിച്ച തുക | 9520542 |
| ആകെ | 121193932 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 5000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 121188932 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Share Certificate In Malappuram Co.Op Spinning Mills. No:94 , Dated : 27.07.1977 | 2500 |
| Share Certificate In Malappuram District Co. Op Hospital No: 023, Dated : 08.09.1993 | 5000 |
| Share Certificate In Malabar Co. Op. Textiles No. 469 , Dated : 20.12.1997 | 50000 |
| Share Certificate In Malappuram District Co-Operative Hospital No.1042, Dated 15-12-2021 | 15000 |
| Fixed Deposit – Valanchery Service Co-Operative Bank No. 0010201202200249 Date 12-05-2022 * | 58138692 |
| Fixed Deposit – Valanchery Service Co-Operative Bank No. 0010201202301363 Date 12-02-2024 | 8739726 |
| Fixed Deposit – Valanchery Service Co-Operative Bank No. 0010201202300453 Date 15-07-2023 | 54238014 |
| ആകെ | 121188932 |

കുറിപ്പ് : * Valanchery Service Co-Operative Bank (No. 0010201202200249 Date 12-05-2022) സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത

AI

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-10 | 2015-16 | 8-19 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു. |
| 2014-15 | 2-1<br>2-2 | 2016-17 | | അനുബന്ധം-3 വസ്തു നികുതി<br>അനുബന്ധം-4 തൊഴിൽ നികുതി | നടപടി തുടരുന്നു. |
| 2016-17 | 2-6 | 2017-18 | | മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് | നടപടി തുടരുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 183904192 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 177759793 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7787223 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 191680 | ശ്രീമതി ഷിബിലി ഉസ്മാൻ ,ഹെഡ്മിസ്ട്രസ്സ് |
| 1-23 | 46638 | ശ്രീമതി ഷിബിലി ഉസ്മാൻ,ഹെഡ്മിസ്ട്രസ്സ് |
| 1-24 | 72680 | ശ്രീമതി ഷിബിലി ഉസ്മാൻ,ഹെഡ്മിസ്ട്രസ്സ് |
| 1-25 | 66506 | ശ്രീമതി ഷിബിലി ഉസ്മാൻ,ഹെഡ് മിസ്ട്രസ്സ് |
| 1-31 | 14,50,000 | ശ്രീമതി സീന എച്ച്,സെക്രട്ടറി |
| 1-32 | 944800 | ശ്രീമതി സീന എച്ച്,സെക്രട്ടറി |
| 1-35 | 880000 | ശ്രീമതി. പത്മിനി, പ്രൊജക്ട് ഓഫീസർ |
| 1-38 | 116900 | ശ്രീമതി. പത്മിനി, പ്രൊജക്ട് ഓഫീസർ |
| 1-42 | 134300 | ശ്രീമതി. അസറ നസ്റിൻ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-43 | 1000000 | ശ്രീമതി.നീമ വേണഗോപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-55 | 2575944 | ശ്രീമതി സീന എച്ച് , സെക്രട്ടറി |
| 1-58 | 307775 | ശ്രീ.സലിം കെ.പി, ഹെൽത്ത് ഇൻസ്പെക്ടർ |
| ആകെ | 7787223 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | LFM11/78/98/28-2-03 | 9 |
| 1996-97 | LFM11/378/03/28-2-03 | 1 |
| 1997-98 | LFM11/414/01/28-2-03 | 1 |
| 1998-99 | LFM11/1764/01/28-2-03 | 22 |
| 1999-00 | LFM11/118/02/28-2-03 | 13 |
| 2000-01 | LFM11/1222/01/16-11-02 | 7 |
| 2001-02 | LFM11/935/03/6-8-04 | 15/68 |
| 2002-03 | LFM12/1286/04/25-4-05 | 5 |
| 2003-04 | LFM9/1422/07/15-2-06 | 12 |
| 2004 -05 | LFM9/297/8-2-07 | 8 |
| 2005-06 | LFM9/298/07/8-2-07 | 10 |
| 2006-07 | LFM9/444/09/7-5-10 | 10 |
| 2007-08 | LFM13/2446/2011/26.12.11 | 8 |
| 2008-09 | LFM13/2447/11/26-12-11(FR) | 7/60 |
| 2009-10, 2010-11 | LFM13/1543/13/10-09-13 | 26 |
| 2011-12, 2012-13 | LFM13/856/15/02-11-15 | 15 |
| 2013-14, 2014-15 | LFM13/1514/2015/20-04-2016 | 22/63 |
| 2015-16 | KSAMPM25/241/2017 Dated 19-04-2018 | 16 |
| 2016-17 | KSAMPM25/2456/2017/02-05-2018 | 13 |
| 2017-18 | KSAMPM 25/2869/2018 Dated 19.01.2019 | 22 |
| 2018-19 | KSAMPM25/2265/2019/17-10-2019 | 13/64 |
| 2019-20 | KSAMPM25/1721/2022/23.09.2023 | 18 |
| 2020-21 | KSAMPM25/1722/2022/ 03-07-2023 | 17 |
| 2021-22 | KSAMPM25/173/2023/ 24-07-2023 | 28/63 |
| 2022-23 | KSAMPM25/139/2024/ 20.05.2025 | 16 |
| 2023-24 | KSAMPM25/190/2025/04.12.2025 | 39/55 |

373

DISTRICT AUDIT OFFICE
KERALA STATE
AUDIT DEPARTMENT
MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

A]

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 9 dated 07-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Valanchery Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Valanchery Municipality as on 31-03-2025

Date: 31/03/2026

DISTRICT AUDIT OFFICE KERALA STATE AUDIT DEPARTMENT MALAPPURAM-676 505

Senior Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Valanchery Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1.The Asset Register is not updated.

2.The Opening balance of the following Bank accounts are not included in RP- OB of the annual financial statement.

a) ICICI PMAY CENTRAL AND STATE SHARE 265601001141

b) ICICI DISTRESS RELIEF FUND 265601000212

c) HDFC VATHILPPADI SEVANAM 50100521656935

3.The closing balance as per Bank Book as shown in bank reconciliation statement differs from actual Bankbook balance of the account PNB HEALTH GRANT KL 283 A/c No. 9913000100032103

4. Amounts in category "Cheque deposited but not cleared" remained in reconcilation statement as unreconciled.

5. The amount shown under Cheque issued but not presented into bank in the Bank Reconcilation Statement is not supported by cheque number and date.

6.Amounts in the category directly credited by bank is not taken into account.

7. The bank account in the name of Haritha Karma Sena has been included in the AFS of Municipality.

8. Accumulated Depreciation provided for Distribution & Regulation System Watersupply and Other Fixed Assets as on 31.3.25 is more than the book value of such assets.

9.Incorrect rate of depreciation has been provided for the asset Other Buildings

10. Expenditure as per ACR/Grant Statement amount does not match with that of AFS.

11.The amounts paid in part bills are not booked in the capital work in progress head in Balance Sheet.

12.Discrepancies in carrying forward of the closing balance of previous year liabilities

13.Expenditure incurred using various funds varies in Annual financial Statement as compared to Sulekha Statement of expenditure.

14.Closing balance of various Grants in Schedule B4 of the Balance sheet do not match with that of Schedule B 17 of Bank accounts.

15.The actual balance of Auction fee is not reflected in AFS.

16.The following Registers were not submitted for Audit (Advance Register, Deposit Register, Audit Recovery Register)

17.The Deposit amount has not been booked under the head Advance to Implementing Agencies.

18.The Advance amount paid to AUEGS has not been booked in Schedule P23 of the Receipts and Payment Statement.

19.The following registers are not up to date and are not reliable for auditing (Profession tax register, Rent regiser, Auction register,
Entertainment Tax register)

20.Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT
MALAPPURAM - 676 505

1) HM GUPS Paimtamme

AIMS

Vigila.P.R

Ummul Fajisa.P

Sheeja Jose

SHAJI.K

Bijesh.K

Jithesh P K

Shaiju Lone 13/05/2026.

Sarath Kumar.C 13/05/26

PC1 14/5/25

Anusha 15/5/26

Dhilshad.C 15/05/26

Syamjith 15/05/26

Binesh-C P 15/05/2026

Azra Nasreen V, ICDS Supervisor